വേദപ്രചാരം

മദ്ധ്യസ്ഥൻ



പുസ്തകം ന) ഹൻ ന ാ നവാബർ (ലക്കം ഇ

Liscence No. 183.

H. A. KAPNAE.

വിഷയവിവരണിക

ക്ര. അഗാധഗർത്തങ്ങളിൽ നിന്നു്.
എം. എം. കയ്യൻ, പൊൻകുന്നം.

൨. മഹാത്മാവായ മാർ യൗസേപ്പിന്റെ ജീവചരിത്രം.
നി. വ. ദി. ശ്രീ. ച. മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു്.

൩. പുനരൈക്യപ്രസ്ഥാനം.
(പത്രാധിപർ)

. കൊടുത്താൽ നമുക്കും കൊള്ളാം.
റവ. ഫാദർ മാത്യു, ആലക്കളം.

. ജോൺ ബാപ്റ്റിസ്റ്റ് ഡി-ലാ-സാം.
റവ ഫാദർ ചാൎത്സ് സി. ഡി., ബി. എ.

. വി പ്രാൻസിസ്ക്കോസിന്റെ മൂന്നാംസഭാനിയമങ്ങളം.
മൂന്നാം സഭ സുപ്പീരിയർ

ഗ്രഹനായിക.
റവ ഫാദർ തോമസ്സ് കളം കാവലം

പുനരൈക്യ പരിശ്രമങ്ങളം.
കെ. ഇ. ജോബ്ബ് എം. എ. എൽ. ടി.

സഭയുടെ അപ്രമാദിത്വം.
പി. സി. ജോസഫ് ബി. എ ഓണേഴ്സ്.

വാത്താസംഗ്രഹം

. ചരമവാർത്തകളം.

. ഉപകാരസ്മരണകളം.

. കടച്ചരിക്കായ്യും.

പഞ്ചാംഗം.

. പരസ്യം



നി.വ.ദി.ശ്രീ.തിരുവപ്പാമെ. നി.വ.ദി.ശ്രീ.ചങ്ങ.മെത്രാ. നി.വ.മ.ദി.ശ്രീ.ബഥനിമെ. പോ.
തിരുമനസ്സുകൊണ്ട്. തിരുമനസ്സുകൊണ്ട്. തിരുമനസ്സുകൊണ്ട്.

മദ്ധ്യസ്ഥൻ.

പുസ്തകം ൪. | ൧൯൩൦. നവംബർ. | ലക്കം ൪.

"അഗാധഗർത്തങ്ങളിൽനിന്നു്."*

(De profundis Ps. 129.)

എം. എം. കുഴ്ശൻ, പൊൻകുന്നം.

തോടി. ആദി.

("അന്നമേ നാൻ-താലികെട്ടി" എന്ന മട്ടു്.)

൧) അഗാധഗർത്തങ്ങളിൽ നി-ന്നയത്തിനേൻ ശോദനങ്ങളം
ശ്രവിക്കണേലോകനാഥാ ....
അഘങ്ങളൊന്നൊഴിയാതെ- ഭവാൻ ഗണിച്ചീടുന്നാകിൽ
ആക്ഷപിന്നെന്തുഗതി? അഖിലലോകാധിനാഥാ.
അകമഴിഞ്ഞനുഗ്രഹിക്ക.

൨) അനുഗ്രഹാർദ്രമാം ശാന്തി—യ്ക്കനന്തസങ്കേതംഭവാൻ
ഭവന്നയമിതുകാണ്മു--പാ--ത്തേൻ....
ഭവൽഗിരം തന്നിലേറ്റം--ആശ്രയിച്ചേനെന്നാത്മം.
തവപദമതിലാശാ- ഭരിതനായിവനീശാ.
ദയാപരാ കനിയേണമേ.

൩) പകലിരവാകെ യിസ്രേൽ--ശരണമാക്കീടട്ടങ്ങേ
ചേണതാരിണതന്നെ നാ....ഥാ.....
പരിക്രമണാനുഗ്രഹ- ക്രിയയ്ക്കുസദ്ധാമമീശൻ
സമസ്തദുരിതത്തിൽ നി--ന്നനുഗ്രഹിച്ചിസ്രേൽതന്നെ
സമുദ്ധരിച്ചീടട്ടെന്നെന്നും.

---

* തിരുസഭ ശുദ്ധീകരാത്മാക്കൾക്കു വേണ്ടിയുള്ള അപേക്ഷയിൽ ഉപയോഗിക്കുന്ന ൧൨൯-ാം സങ്കീർത്തനം.

മഹാത്മാവായ മാർ യൌസേപ്പിന്റെ

ജീവചരിത്രം.

---

൪. പുണ്യവീരതപം വിദേശിയായയൌസേപ്പു് തങ്ങളുടെ പ
ട്ടണത്തിൽവന്നു് സ്ഥിരജോലിയിൽ പ്രവേശിച്ചതു് ഓറഥ്യംകാരാ
യ ഏതാനും പണിക്കാക്കു് അത്രരസിച്ചില്ല. അതുകൊണ്ടു് അ
വർ പണിസ്ഥലത്തുവന്നു യൌസേപ്പിനെ പല പ്രകാരത്തിൽ
ആക്ഷേപിച്ചിരുന്നു. "നീഇത്രവരെ എന്തുചെയ്യുനടന്നു?" "ഇ
ത്രയും പ്രായമായപ്പോഴാണൊ നീ മരപ്പണി പഠിക്കാൻഓത്തതു"
"എവിടെയൊക്കെ ചുറ്റിനടന്നുംവച്ചു് തെണ്ടിതെണ്ടി ഇവി
ടെവന്നിരിക്കുന്നു!" ഇങ്ങനെയെല്ലാമായിരുന്നു അവരുടെ സംസാ
രം. ഇതുകേട്ടു് യജമാനൻ ഒരിക്കൽ അവരെശാസിച്ചു് പണി
പ്പുരയിൽനിന്നു് ഓടിക്കാൻതുടങ്ങി. അപ്പോൾ യൌസേപ്പു്
അവക്കുവേണ്ടി മദ്ധ്യസ്ഥംപറയുകയും, അവരുടെ ഫാസ്യസംസാ
രംകൊണ്ടു് തനിക്കു് ദൈവതിരുമുൻപാകെ പുണ്യയോഗ്യത
വർദ്ധിക്കുകമാത്രം ചെയ്യുന്നസ്ഥിതിക്കു് അവരെ അകറ്റിക്കള
ഞ്ഞാൽ അതുതനിക്കു് വലിയനഷ്ടമാണെന്നു് ആവലാതിപ്പെട്ട
കയുംചെയ്തു. അപ്പോൾ നമ്മുടെ വൃദ്ധനാശാരിതന്റെ ശിഷ്യ
ന്റെ പുണ്യവീരതപംകണ്ടു് അത്യധികം ആശ്ചര്യപ്പെട്ടു.

൫. യജമാനൻ മരിക്കുന്നു. നമ്മുടെ യൌസേപ്പു് മരപ്പണി
പൂർണ്ണമായി പരിശീലിച്ചുകഴിഞ്ഞപ്പോൾ, യജമാനനാശാരി
പ്രായാധിക്യംനിമിത്തം രോഗബാധിതനാകുകയും അധികം താമ
സിയാതെ നിര്യാതനാകുകയുംചെയ്തു. തന്റെ ഉപകാരിയായ
ആ വൃദ്ധനെ ഒരു പിതാവിനെപ്പോലെ സ്നേഹിച്ചിരുന്നതിനാ
ൽ അയാളുടെ മരണംനിമിത്തം യൌസേപ്പു വളരെ ദുഃഖിക്ക
കയും യജമാനന്റെ ആത്മാവു രക്ഷപെട്ടിരിക്കുന്നുവെന്നു മാ
ത്രമാകാ തന്നെ അറിയിക്കുന്നതുവരെ ആ ആത്മാവിനുവേണ്ടികണ്ണു
നീർചിന്തി പ്രാർത്ഥിക്കുകയുംചെയ്തുകൊണ്ടിരുന്നു. ഇതിനിടയ്ക്കുതാൻ മേ
ലാൽ എപ്രകാരംജീവിക്കണമെന്നറിവാൻദേവാലയത്തിൽപോയി

പലപ്രാവശ്യം ദൈവത്തോടപേക്ഷിച്ചു. പ്രാർത്ഥനയുടെ ഫല മായിട്ട് അവൻ മേലിലും ദരിദ്രനായിതന്നെ ജീവിക്കണമെന്നും ഉപജീവനാർത്ഥം മരപ്പണിജോലി തുടർന്നുകൊണ്ട് ഏകാന്തവാ സം കഴിക്കണമെന്നുമത്രെ ദൈവതിരുമനസ്സ് എന്നയൌസേ പ്പിനെ ഉറക്കസമയത്തു മാലാക്കാധരിപ്പിച്ചു. ഇങ്ങനെ നമ്മു ടെ പരിശുദ്ധൻ തനിക്കു ഇരുപതുവയസ്സു പൂർത്തിയായപ്പോഴം എപ്പായുവാക്കന്മാരും ലോകത്തോടു പൂർണ്ണമായ സംസർഗ്ഗംപെ യ്യാൻ ആരംഭിക്കുന്ന പ്രായാലട്ടത്തിൽ ലോകത്തെ നിർദ്ദോഷമു ഷപേക്ഷിച്ചു് ഏകാന്തവാസം കഴിക്കുവാൻതുടങ്ങി.

ബഥനി മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടും

പുനരൈക്യപ്രസ്ഥാനവും.

(പത്രാധിപർ)

ഇക്കഴിഞ്ഞ സെപ്തംബർ ൨൦-ാം തീയതി കൊല്ലം മെത്രാന പ്പൻ തിരുമനസ്സിലെ അരമനക്കുപ്പേളയിൽവെച്ചു നടന്ന ആ മ ഹാസംഭവം ഭാരതീയ കത്തോലിക്കാ സഭാചരിത്രത്തിൽ സുവർണ്ണ ലിപികളാൽ രേഖപ്പെടുത്തേണ്ട ഒന്നുതന്നെയാണെന്നുള്ളതിനു സംശയമില്ല. മലങ്കര പുരാതനക്രൈ സമുദായത്തിന്റെ അഭിമാ നസ്തംഭവും തിരുവിതാംകൂർ രാജ്യത്തിലെ പ്രഥമ എം. എ. ബി രുദ്ധാരികളിൽ ഒരാളും പാണ്ഡിത്യത്തിനും ദൈവഭക്തിക്കും ഒരു പോലെ പേരുകേട്ട മഹാനുഭാവനുമായ മാർ ഇവാനിയോസുമെ ത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടും, സകല വിധത്തിലും അദ്ദേ ഹത്തിന്റെ ഭ്രാതൃപദത്തിനർഹനായ മാർ തിയോഫിലസ് മെ ത്രാൻ തിരുമനസ്സുകൊണ്ടും അന്നാണല്ലോ സാക്ഷാൽ കത്തോലി ക്കാ സഭാമാതാവിന്റെ വാത്സല്യസന്താനങ്ങളെന്നുള്ള മഹനീയ പദവിയെ സ്വയം കൈവരിച്ചതു്.

വളരെക്കാലമായിനടപ്പിലിരുന്ന വേർപിരിവിന്റെ ഫലമായി പൗരസ്ത്യക്രമക്കാരും പാശ്ചാത്യക്രമക്കാരും തമ്മിൽ സാമൂഹ്യമായി വളരെ അകലുകയും പുനരൈക്യപരിശ്രമങ്ങളുടെ ശക്തി കുറയുകയും ചെയ്തെങ്കിലും ചങ്ങനാശേരി, കൊല്ലം, എറണാകുളം, കോട്ടയം എന്നീ ശ്രുപതകളിലെ പ്രചാരണവേലനിമിത്തം പലരും വ്യക്തിഗതമായി കത്തോലിക്കസഭയിൽ ചേർന്നുകൊണ്ടിരുന്ന തരുണത്തിലാണ് ബഥനി തിരുമേനിമാർ മുഖേന ഈ പുനരൈക്യപരിശ്രമം ആരംഭിച്ചിരിക്കുന്നത്. ബഥനിമെത്രാപ്പോലീത്താതിരുമനസ്സുകൊണ്ട് മദ്രാസ് യൂണിവേഴ്സിറ്റിയിൽനിന്ന് എം. എ. ബിരുദ സമ്പാദിച്ചശേഷം കോട്ടയം എം. ഡി. സെമിനാരി പ്രിൻസിപ്പാലായും സെറാമ്പൂർ കോളേജ് പ്രൊഫസറായും ഇരുന്ന നിസ്സ്വാർത്ഥമായി ജോലി ചെയ്തശേഷം ജോലി രാജിവച്ച് ഇക്കഴിഞ്ഞ പത്തുകൊല്ലമായി ബഥനി എന്നപേരിൽ ചില സന്ന്യാസാശ്രമസ്ഥാപനങ്ങൾ നടത്തിയിരിക്കവേയാണ് ക്രമേണ കത്തോലിക്ക ഗ്രന്ഥപാരായണം മൂലവും ഭക്തജീവിതം മൂലവും യേശുമിശിഹായുടെ ഏകസത്യസഭയിലേക്ക് ആകർഷിക്കപ്പെട്ടത്.

ബഥനി മെത്രാപ്പോലീത്താതിരുമേനിയുടെ പാണ്ഡിത്യവും ഭക്തിദാർഢ്യവും സ്ഥാനമാഹാത്മ്യവും ആലോചിച്ചു നോക്കുന്നപക്ഷം അദ്ദേഹത്തെ അടുത്തകാലത്തു കത്തോലിക്കസഭയിൽ ചേർന്നിട്ടുള്ള മഹാപുരുഷന്മാരിൽ ഒരാളായി പരിഗണിക്കേണ്ടിയിരിക്കുന്നു. പതിനാറാംശതകത്തിൽ പ്രോട്ടസ്റ്റന്റ് സഭയിൽനിന്നു കത്തോലിക്കസഭയിലേക്കുവന്നിട്ടുള്ള കാർഡിനൽന്യൂമൻ, ഈ ശതാബ്ദത്തിൽ നിരീശ്വരമതത്തിൽനിന്നു സത്യസഭാപ്രകാശത്തിലേക്കാനയിക്കപ്പെട്ട ജിയോവാന്നിപപ്പീനി, ഈയിടെപ്രോട്ടസ്റ്റന്റ് സഭയിൽനിന്നു കത്തോലിക്കസഭയിലേക്കു ചേർന്ന മി. ജി. കെ. ചെസ്റ്റർട്ടൻ, ഏതാനും കൊല്ലങ്ങൾക്കു മുൻപ് ഹിന്ദുമതത്തിൽനിന്നും കത്തോലിക്കസഭയിൽചേർന്ന സ്വാമിബ്രഹ്മബന്ധോപാദ്ധ്യായൻ മുതലായവരുടെ മാനസാന്തരംപോലെ അ

ത്യന്തം പ്രസ്താവാർഹമായ ഒരു സംഭവമാണു് മാർ ഇവാനിയോസ് തിരുമേനിയുടെ കത്തോലിക്കസഭാപ്രവേശം. ന്യൂമാനെ കത്തോലിക്കു് സഭയിലേക്കു് വഴികാട്ടിയതു്, പ്രോട്ടസ്റ്റൻറു മതപഠനവും, പുപ്പീനിയെസഭയിലേക്കു നയിച്ചതു്, നിരീശ്വരഗ്രന്ഥപാരായണവും, സ്വാമിബ്രഹ്മാനന്ദഭാരതിയായ എന്നബ്രാഹ്മണനെ കത്തോലിക്കസഭയിലേക്കു മാറ്റുദർശനംചെയ്തതു്, ഹിന്ദുവേദാന്തപഠനവുമായിരുന്നതുപോലെ മാർഇവാനിയോസിനെ കത്തോലിക്കസഭയിലേക്കു നയിച്ചതു് പ്രധാനമായി യാക്കോബായസഭാതതപാനമായിരുന്നുഎന്നു തീർത്തുപറയാം.

അദ്ദേഹത്തിൻെറ അഭിപ്രായപ്രകാരം യാക്കോബായവിശ്വാസവും കത്തോലിക്കു് വിശ്വാസവും തമ്മിൽ മൗലികവിഷയങ്ങളിലാണു് വ്യത്യാസമുള്ളതുപോലെ തോന്നാവുന്നതു്. അവയിൽ പ്രഥമവും പ്രധാനവുമായിട്ടുള്ളതു്, മിശിഹായുടെ സ്വഭാവത്തെ സംബന്ധിച്ചാണു്. മിശിഹായിൽ ദൈവസ്വഭാവം മനുഷ്യസ്വഭാവം എന്നിങ്ങനെ രണ്ടു വ്യത്യസ്തസ്വഭാവങ്ങളുണ്ടെന്നും എങ്കിലും ഇവരണ്ടും ത്രീത്വത്തിൻെറ രണ്ടാമാളിൽ പരസ്പരസങ്കലനമില്ലാതെ യോജിച്ചിരിക്കുന്നു എന്നുമാണു് കത്തോലിക്കവിശ്വാസം. യാക്കോബ്യർ ഏകസ്വഭാവവാദികൾ എന്ന ഇനത്തിൽ പെട്ടവരാണെന്നു ഗണിക്കപ്പെട്ടുന്നതുകൊണ്ടു് ഈ വിഷയത്തിൽ അവർ കത്തോലിക്കരിൽ നിന്നു വ്യത്യസ്തരായി നിൽക്കുന്നു എന്നു സാധാരണ പറയപ്പെടുന്നു. എന്നാൽ വാസ്തവം അങ്ങനെയല്ല. ക്രിസ്തുവിൻെറ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും കൂടി യോജിക്കുകയോ മൂന്നാമതൊന്നാകുകയോ ചെയ്യാതെയിരിക്കുന്നു എന്നുള്ള ഭാഗം വിശദമായി യാക്കോബായ ഗ്രന്ഥങ്ങളിൽ പറയുന്നതുകൊണ്ടു് യാക്കോബായക്കാർ സാക്ഷാൽ കത്തോലിക്കു് വിശ്വാസത്തിൽ നിന്നു ഭിന്നിച്ചല്ല നിൽക്കുന്നതെന്നുള്ളതു സ്പഷ്ടം. ഈ വാസ്തവം ഇപ്പോഴത്തെ മലങ്കരയാക്കോബായ മെത്രാപ്പോലീത്താ മാർദിവന്യാസ്യോസു് അവർകളുടെ "മതസംഗതി" എന്ന പുസ്തകത്തിൽ പ്രകടമായി പ്രസ്താവിച്ചുകാണുന്നുണ്ടെന്നതന്നെയുമല്ല, അദ്ദേഹം വട്ടിപ്പണക്കേസിൽ കെട്ടത്തിട്ടുള്ള മൊഴികളിൽനിന്നു് വിശദമാകുന്നുമുണ്ടു്.

ഇനിയും യാക്കോബ്യരും കത്തോലിക്കരും തമ്മിൽ വിശ്വാസവിഷയത്തിൽ ഉണ്ടെന്നുപറയുന്ന വേറൊരു വ്യത്യാസം പരിശുദ്ധാത്മാവിന്റെ പുറപ്പാടേ സംബന്ധിച്ചാണു്. പരിശുദ്ധാത്മാവു പിതാവിൽ നിന്നും പുത്രനിൽനിന്നും പുറപ്പെടുന്നു എന്നു കത്തോലിക്കർ വിശ്വസിക്കുന്നു. എന്നാൽ യാക്കോബ്യരുടെ വിശ്വാസം, ശുദ്ധാത്മാവുള്ള രൂഹാ പിതാവിൽനിന്നു പുറപ്പെടുകയും പുത്രനിൽ നിന്നു എടുക്കപ്പെടുകയും ചെയ്യുന്നു എന്നാണു്. ഈ രണ്ടു വിശ്വാസങ്ങളും തമ്മിൽ ഈഷദ്വ്യത്യാസം പോലുമില്ലെന്നു കത്തോലിക്കു് പണ്ഡിതന്മാരും യാക്കോബ്യപണ്ഡിതന്മാരും ഒരുപോലെ സമ്മതിക്കുന്നു. ഈ വിഷയത്തെ അനുക്രമിച്ചും മാർ ദീവന്യാസ്യോസിന്റെ വട്ടിപ്പണക്കേസിലെ മൊഴിതന്നെയാണു് ഇവിടെ ആധാരമായി നമുക്കുള്ളതു്.

ഇനിയും ശേഷിക്കുന്ന വ്യത്യാസം മാർപാപ്പായുടെ പരമാധികാരം സംബന്ധിച്ചാണു്. യാക്കോബ്യർ അംഗീകരിക്കുന്ന പൂർവ്വികരായ കാനോനാകളിലും പൂർവ്വികർ ആഴ്ചവട്ടത്തിൽ ചൊല്ലുന്ന നമസ്ക്കാരങ്ങളിലും റോമ്മാ പാത്രിയക്കീസിനേപ്പറ്റി ഇതര പാത്രിയക്കീസന്മാരുടെ തലവനെന്നും നേതാവെന്നും പല സ്ഥലത്തു പ്രസ്താവിച്ചു കാണുന്നുണ്ടു്. ക്രിസ്തുവിന്റെ സഭ, ക്രിസ്തുവിന്റെ സജീവ ശരീരമായിരിക്കവെ, തലയും ശരീരത്തിന്റെ ഇതര ഭാഗങ്ങളും തമ്മിൽ വേർപെട്ടിരിക്കുവാൻ പാടില്ലാത്തതാണല്ലൊ. ഇങ്ങനെയുള്ള വേർപാടു് അഥവാ ശീശ്മ മഹാപാപമാണെന്നുള്ളതു് സ്പഷ്ടികസ്ഫുടമായിതെളിയുന്നതുമാണു്.

ഈ മൂന്നു പ്രധാന വിഷയങ്ങളേപ്പറ്റി യാക്കോബായ സഭയുടെ വിശ്വാസം ശരിയായി പഠനം ചെയ്തു് മനോബോധ്യം വന്നതിന്റെ ഫലമായിട്ടാണു് മാർ ഇവാനിയോസു് തിരുമനസ്സുകൊണ്ടു് സാക്ഷാൽ കത്തോലിക്കാ സഭയുമായി ഐകൃപ്പെട്ടു് മാറ്റാപ്പായിക്കു പൂർണ്ണമായി കീഴ്വഴങ്ങിയിട്ടുള്ളതെന്നു കാണുന്നു.

തിരുമേനിമാരുടെ പുരുഷപരമായ പുനരൈക്യത്തിനു് ഇത്രത്തോളമുള്ള മനോബോധ്യം മതിയായിരുന്നു എങ്കിലും തങ്ങൾ ഇതുവരെ ശീലിച്ചുപോന്നിരുന്ന ഭക്തിസംവർദ്ധകവും പുരാതനവു

മായ ആരാധനക്രമം ക്രൂടി റോമയിൽനിന്നും അംഗീകരിച്ചു കിട്ടുന്നതു് മലങ്കര സഭയുടെ പൊതുവായ പുനരൈക്യത്തിനുപ്രയോജകീഭവിക്കുമെന്നു തോന്നുകയാൽ അക്കാര്യസാദ്ധ്യത്തിനു വേണ്ടിയും തിരുമേനിമാർ റോമാസിംഹാസനത്തോടപേക്ഷിക്കുകയും ന്യായമായ ഈ അപേക്ഷയെ റോമാ അംഗീകരിക്കയും ചെയ്തിട്ടുണ്ടു്. മാർ യാക്കോബിന്റെ ആരാധനക്രമം എന്നറിയപ്പെടുന്ന ഈ അതിപ്രാചീനാരാധനക്രമം അന്ത്യോക്യാക്കാരായ കത്തോലിക്കർ ഇപ്പോൾ ഉപയോഗിച്ചു വരുന്നതായതുകൊണ്ടു് മലങ്കരസഭയ്ക്കും അപ്രകാരമുള്ള ഒരനുവാദം ഉണ്ടായതിൽ അത്ഭുതപ്പെടുവാനില്ല. യാക്കോബ്യർ ഇടയ്ക്കു ക്രൂട്ടിച്ചേർത്തിട്ടുള്ള ചുരുക്കം ചില ഭാഗങ്ങളെ വെട്ടിക്കുറച്ചു് പുരാതന പ്രാർത്ഥനകളെതൽസ്ഥാനങ്ങളിൽ കത്തോലിക്കർ സ്വീകരിക്കുന്നതുമൂലം മാർയാക്കോബിന്റെ ആരാധനക്രമത്തിന്റെ മാഹാത്മ്യം ഒന്നുവർദ്ധിച്ചിട്ടുകൂടിയുണ്ടു്. അന്ത്യോക്യാക്കാർ അവരുടെ മാതൃഭാഷയായ അറബി ഉപയോഗിക്കുന്ന ഭാഗങ്ങളിൽ മലങ്കര സുറിയാനിക്കാർ നമ്മുടെ മാതൃഭാഷയായ മലയാളം ഉപയോഗിക്കുന്നു എന്നൊരു വ്യത്യാസവുമുണ്ടു്.

ഈ പുനരൈക്യ പ്രസ്ഥാനം മൂലം കേരളത്തിലെ ക്രിസ്ത്യാനികളുടെ ഇടയിൽ "ഏക ഇടയനും ഏക തൊഴുത്തും" അചിരേണ ഉണ്ടാകുമെന്നുള്ള തിലേക്കു് പലപല ലക്ഷ്യങ്ങളും കണ്ടുതുടങ്ങിയിരിക്കുന്നതിൽ ഞങ്ങളം നിർവ്യാജം സന്തോഷിക്കുകയും ദൈവത്തിനു സ്തുതിപറയുകയുംചെയ്യുന്നു. ഈ പുനരൈക്യപ്രസ്ഥാനത്തിനോടു് പുത്തൻക്രൂർ സമുദായത്തിൽപെട്ട വൈദികമേലദ്ധ്യക്ഷന്മാരിലും സമുദായ നേതാക്കന്മാരിലും ഭ്രരിപക്ഷമാളുകളം പ്രശാന്തഗംഭീരമായ അനുഭാവംകാണിച്ചുവരുന്നതായിഞങ്ങളംക്കറിയാം. എതിർപ്പുകളും പ്രക്ഷോഭണങ്ങളും നടത്തുന്ന ആളുകളം തങ്ങളുടെ കിഞ്ചിജ്ഞതകൊണ്ടും തല്പാലസങ്കുടം കൊണ്ടും ചില ചാപല്യങ്ങളം കാട്ടിക്കൂട്ടുന്നു എന്നല്ലാതെ അന്യഥാ ഗണിക്കേണ്ടതില്ല. യാക്കോബായ സഭയുടെ "തലയും മാതാവുമായ" മർത്തീൻ സിംഹാസനത്തിന്റെ അനുമതി ക്രൂടാതെ മേല്പട്ടവും കാതോലിക്കാ സ്ഥാനവും വാങ്ങിയിട്ടുള്ളവർ എത്ര എത്ര ചുവടുപ്പുപ്പായമിട്ടിരുന്നാലും മേല്പട്ടക്കാ

രാകയില്ലെന്നും മുടക്കപ്പെട്ട വൈദികർ കർബാനയിൽ വാഴ്ത്തുന്ന പൂജാപ്പുണവസ്തുക്കളിൽ എഴുന്നെള്ളുന്നതു് കേവലം "പട്ടിക്കാഷ്ഠമാണെന്നും" *(ശാന്തം!പാപം!!) ധൈര്യപൂർവ്വം കല്പിക്കുന്നേയാക്കോബായ പാത്രിയക്കീസന്മാരുടെയും ബാവാന്മാരുടെയും കൈയ്യിൽനിന്നു് ഈനാട്ടിലെ അനേകയാക്കോബായസുറിയാനിക്കാക്കാട്ടെ അവരുടെ മെത്രാന്മാക്കാകട്ടെ യാതൊരുനന്മയും ആശിക്കാൻ പാടില്ലെന്നു കണ്ണുള്ളവക്കൊക്കെ തെളിവായികാണാം. ആസ്ഥിതിക്കു് സാക്ഷാൽയാക്കോബായസഭയിൽ അന്തർലീനമായികിടക്കുന്ന കത്തോലിക്കവിശ്വാസത്തെ പുലത്തി മലങ്കരസുറിയാനിയാക്കോബ്യരും അവരുടെ പിരിവായ മാർത്തോമ്മാക്കാരും അധികം വിദൂരമല്ലാത്തഭാവിയിൽ മാതാവായകത്തോലിക്കസഭയുടെ സവിശേഷമായ അങ്കലാളനത്തിനു പാത്രീഭവിക്കാതിരിക്കുകയില്ല. 'മദ്ധ്യസ്ഥൻ, വായനക്കാർ അതിനായി പ്രത്യേകം പ്രാർത്ഥിക്കുകയും കത്തോലിക്കസഭയിലേക്കു പിന്തിരിയുന്ന നമ്മുടെ സഹോദരസമുദായാംഗങ്ങൾക്കുവേണ്ട സകലസഹായസഹകരണങ്ങളും ഹൃദയപൂർവ്വം ചെയ്തുകൊടുക്കുകയും ചെയ്യേണ്ടതാണു്.

വി. യൌസേപ്പിൽ സകലതും
നിക്ഷേപിക്ക.

മനുഷ്യരെ അവരുടെ പ്രത്യേകാവശ്യങ്ങളിൽ സഹായിക്കുന്നതിനു് എല്ലാ വിശുദ്ധന്മാർക്കും ദൈവം ചില വിശേഷ വരങ്ങൾ കൊടുത്തിട്ടുണ്ടു്. എന്നാൽ വി. യൌസേപ്പു പിതാവിനു മനുഷ്യരുടെ എല്ലാ ആവശ്യങ്ങളിലും സഹായിക്കുന്നതിനു പര്യാപ്തമായ വരങ്ങൾ നൽകീട്ടുണ്ടെന്നു് എന്റെ അനുഭവത്തിൽ നിന്നു് ഞാൻ മനസ്സിലാക്കുന്നു.

(വി. ത്രെസ്യാ.)

* "മാർത്തോമ്മാക്രിസ്ത്യാനികൾ" ഉ-ാം ഭാഗം നവ്വ-ാം വശം നോക്കുക.

കൊടുത്താൽ നമുക്കും കൊള്ളാം.

നവംബർമാസം ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളുടെ സ്മരണക്കായിട്ടാണല്ലൊ തിരുസഭ നിശ്ചയിച്ചിരിക്കുന്നതു്. ഈ ആത്മാക്കൾ വീട്ടേണ്ടതായ പരിഹാരക്കടം അവർതന്നെ അഗ്നിയുടെ വേദനസഹിച്ചു വീട്ടുകയോ അല്ലെങ്കിൽ ഭ്രമിയിൽ ജീവിച്ചിരിക്കുന്ന നാം അവക്കു പകരമായി ഉത്തരിക്കയോ ചെയ്താലല്ലാതെ ദൈവാനുഗ്രഹവും നിത്യശാന്തിയും ലഭിപ്പാൻ അവക്കു വേറെ മാർഗ്ഗമില്ല. അത്യുഗ്രമായ ഈ അഗ്നിയിൽ വേദനപ്പെട്ടുന്നവരിൽ പലരും ഒരുവേള നമ്മുടെ ചാച്ച്ക്കാരോ സ്നേഹിതരൊ ഉപകാരികളൊ ആയിരിക്കാം. എന്നതന്നെയല്ല, അവർ ആ ദയനീയാവസ്ഥയിൽ ഉൾപെട്ടതു് നാം നിമിത്തമാണെന്നുകൂടി പക്ഷേവന്നേക്കാം. ഈ കാരണങ്ങളാലും ക്രിസ്തീയ ഉപവിയുടെ ന്യായത്താൽ തന്നെയും ഇവരുടെ ആശ്വാസത്തിനായി പാടുള്ളതെല്ലാം ചെയ്വാൻ നാം നിർബന്ധിതരായിരിക്കുന്നു. മാത്രമല്ലാ "കൊടുക്കുവിൻ; നിങ്ങൾക്കും കിട്ടും" എന്നുള്ള പ്രമാണം ആലോചിച്ചാൽ സ്വകാര്യ ലാഭംപോലും ഇതിനു നമ്മെ പ്രേരിപ്പിക്കേണ്ടതാണു്. സാക്ഷാൽ കൊടുക്കുന്നതു്, കൊള്ളുന്നതുതന്നെ.

മരിച്ചവരെ സഹായിക്കുന്നതിനു് എളുപ്പമുള്ള അനേക മാർഗ്ഗങ്ങളുണ്ടു്. ദൈവ സ്തുതിക്കായുള്ള നമ്മുടെ വേലകളും, ശരീരപീഡകളും, മനഃക്ലേശങ്ങളും, ദൈവസ്നേഹപ്രകരണങ്ങളും, പരസ്നേഹ കർമ്മങ്ങളും എല്ലാം അവക്കു വിലയേറിയ രത്നങ്ങളാകുന്നു. ഹന്നാൻ വെള്ളത്തിന്റെ ഉപയോഗം, നമസ്കാരങ്ങൾ, ക്രദാശകളുടെ സ്വീകരണം മുതലായവ വഴിയായും വളരെ എളുപ്പത്തിൽ അവരുടെകടം നമുക്കു വീട്ടാൻകഴിയും. എന്നാൽ, അവക്കായി ദിവ്യപൂജ ചൊല്ലിക്കയോ കാണുകയോ ചെയ്തുകൊണ്ടു്

ഈശോമിശിഹായുടെ വിലതീരാത്ത തിരുരക്തത്തെ നിത്യപിതാവിനു് കാഴ്ചവെക്കുന്നതാണു് എല്ലാറ്റിലും ഉത്തമമായമാർഗ്ഗം.

ശുദ്ധീകരാത്മാക്കളുടെ സഹായാർത്ഥം പ്രാൻസു രാജ്യത്തിൽ മൊണ്ടിചീജിയോൻ എന്നസ്ഥലത്തു് ഒരു അതിസഖ്യം സ്ഥാപിച്ചിട്ടുണ്ടു്. ഈ സഖ്യത്തിന്റെ ഒരു ശാശ്വതാംഗമാകുന്നതിനു് ഒരാൾ മൂന്നുരൂപാ അയച്ചു പേരെഴുതിച്ചാൽമതി. ഒരു രൂപാ കൊടുക്കുന്നയാൾ നൂറു കൊല്ലത്തേക്കു അംഗമായിരിക്കുന്നതാണു്. ഈ സഖ്യത്തിൽനിന്നു ചെയ്യപ്പെടുന്ന ഭക്തകൃത്യങ്ങളിലെല്ലാം അംഗങ്ങൾക്കു പങ്കുണ്ടായിരിക്കും. ഇങ്ങനെ മുതൽ കൂട്ടുന്ന പണത്തിന്റെ ആദായവും മറ്റു ധർമ്മങ്ങളുംകൊണ്ടു് കഴിഞ്ഞ ഒരു വർഷത്തിൽതന്നെ രണ്ടുലക്ഷത്തി എഴുപത്തീരായിരത്തോളം (ഒരു ദിവസം ശരാശരി എഴുന്നൂററുപതു്) കുർബാന ചൊല്ലിച്ചിട്ടുണ്ടു്. ഈ സംഖ്യ നാൾക്കുനാൾ വർദ്ധിച്ചാണു് വരുന്നതു്. കൂടാതെ ദിവസംതോറും വൈകുന്നേരം സഭാംഗങ്ങൾക്കുവേണ്ടി അവിടെ പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും വിശുദ്ധ കുർബാനയുടെ ആശീർവ്വാദം നൽകുകയും ചെയ്തുവരുന്നുണ്ടു്.

ഈ വിശുദ്ധാത്മാക്കൾക്കായി ഇപ്പോൾ നാം ഈ ജ്ഞാനഫലങ്ങൾ സമ്പാദിച്ചു കൊടുത്താൽ അവർക്കു് അതു് ഏറ്റവും വലിയ അനുഗ്രഹമായിരിക്കയും, പിന്നീടു് ലാഭത്തോടുകൂടി നമുക്കു തിരിച്ചുകിട്ടുകയും ചെയ്യുമല്ലൊ. എന്നുതന്നയല്ല അവരുടെ കൃതജ്ഞതാപൂർവ്വകമായ പ്രാർത്ഥനയുടേയും പ്രസ്തുത ദിവ്യപൂജകളുടേയും മാദ്ധ്യസ്ഥശക്തിയാൽ നല്ല ജീവിതവും ഭാഗ്യമരണവും നമുക്കുണ്ടാകുവാൻ എളുപ്പമായിരിക്കയും ചെയ്യും. അതിനാൽ ടി. അതിസഖ്യത്തിൽ ചേർന്നു് മരിച്ചവരെ സഹായിച്ചുകൊടുത്താൽ നമുക്കും കൊള്ളാം.

ആഗ്രഹമുള്ളവർ വീട്ടുപേരും പേരും പണവും അയച്ചുതരുന്നപക്ഷം വേണ്ട ഏർപ്പാടുകൾ ചെയ്തുകൊള്ളാം.

റവ. ഫാദർ മാത്യു, ആലക്കളം.
അരമന, ചങ്ങനാശേരി.

വി. ജോൺ ബാപ്റ്റിസ്റ്റ് ഡി. ലാ. സാൽ.

(തുടർച്ച)

(റവ. ഫാദർ ചാൾസ് ടി. ഒ. സി. ഡി. ബി. എ)

ഡി. ലാ. സാൽ ഫ്റാൻസിൽ തന്റെ ആദ്യത്തെ ഞായറാഴ്ച സ്കൂൾ ഏർപ്പെടുത്തിയപ്പോൾ ഒരു പുതിയ പ്രസ്ഥാനം ആരംഭിക്കയാണു് ചെയ്തതു്. കൈത്തൊഴിൽകൊണ്ടും ചില്ലറക്കച്ചവടംകൊണ്ടും കാലക്ഷേപം കഴിക്കുന്നവരുടെ കുട്ടികളെ ഉദ്ദേശിച്ചായിരുന്നു ഈദൃശസ്കൂൾ സ്ഥാപിതമായതു്. ഞായറാഴ്ചാചരണത്തിൽ കടന്നുകൂടിയിരുന്ന അനേകദൂഷ്യങ്ങളെ പരിഹരിക്കുന്നതിനായിരുന്നു ഇതിന്റെ പ്രധാന ഉദ്ദേശ്യം. തന്മൂലം അതു പാട്ടുപോലെ ആകർഷണീയം തന്നെ ആക്കേണ്ടിയിരുന്നു. എഴുത്തും വായനയും പഠിപ്പിക്കുന്നതിനു പുറമെ അവരുടെ ജോലികൾക്കു ഉപയുക്തങ്ങളായിരുന്ന കണക്കു്, ഡ്റായിങ്ങു്, മെക്കാനിക്സു് എന്നീവിഷയങ്ങളും പ്രത്യേക വാസനയുള്ളവരെ അഭ്യസിപ്പിച്ചിരുന്നു. ഇതിനെ തുടർന്നു് വി. 'ഹിപ്പോലൈറ്റിന്റെ" ഇടവകയിൽ ഗ്രാമീണ ഉപാദ്ധ്യായന്മാരെ പരിശീലിപ്പിക്കുന്നതിനു് ഒരു ട്രെയിനിംഗു് സ്കൂളും അദ്ദേഹം സ്ഥാപിച്ചു.

അനേക വിഘ്നങ്ങളും വിരോധങ്ങളും ഈ സദുദ്യമത്തിനു ഉണ്ടായിക്കൊണ്ടിരുന്നുവെങ്കിലും ഡി-ലാ-സാളിന്റെ വേല ഫ്റാൻസു മുഴുവനിലും പരന്നു. ഫ്രൻസൻ-ൽ ചാർട്ട്രേർസു് എന്ന സ്ഥലത്തും അതേ വർഷംതന്നെ കലൈ പട്ടണത്തിലും, ലാങ്ങ്വെഡോക്കു്, പ്രോവേൻസു എന്ന പ്രദേശങ്ങളിലും സ്കൂളുകൾ സ്ഥാപിക്കപ്പെട്ടു. ഫ്രൈ-ൽ റോമ്മായിലും ഇപ്രകാരമുള്ള പാഠശാല സ്ഥാപിതമായതിനോടെ ഡെ-ലാസാളിന്റെ ആഗ്രഹപൂർത്തിവന്നു.

താൻ സ്ഥാപിച്ച സഭയുടെ ഭരണ നിർവഹണജോലിയിൽ നിന്ന് എത്രയും വേഗം മാറണമെന്ന് ആഗ്രഹിക്കത്തക്കവണ്ണം സങ്കടങ്ങളും വിഷമതകളും വിരോധങ്ങളും ഡെ-ലാസാളിനെ ഞെരുക്കിയിരുന്നു. മർസ്സെയിൽസിൽ സന്ന്യാസികളുടെ നവസന്ന്യാസാശ്രമം സ്ഥാപിച്ചതിന്റെശേഷം അദ്ദേഹം ഭരണജോലിയിൽനിന്നുമാറി ഗ്രെനൊബ്ളിൽവന്നു അവിടത്തെ സ്ക്കൂളിൽ ഉപാദ്ധ്യായന്റെ ഉദ്യോഗംസ്വീകരിച്ച് ചെറുകുട്ടികളെ ആദ്യപാഠംപഠിപ്പിക്കുന്ന വിനീതജോലിയിൽ ബദ്ധശ്രദ്ധനായി ജീവിച്ചുവന്നു. അശേഷം പഴക്കമില്ലാത്ത സഭാവക്കാരെയും തന്റെ ശാന്തതമൂലം ജയിക്കയും എത്രയും മന്ദബുദ്ധികളായ കുട്ടികളെപ്പോലും തന്റെ സ്ഥിരോത്സാഹംമൂലം പഠിപ്പിക്കയും ചെയ്യുന്നതിനു് അദ്ദേഹത്തിനു് സാധിച്ചതായി പറയപ്പെട്ടുന്നു. ഫ്രൈർ-ൽ ഗ്രെനൊബ്ളിൽനിന്നു് അദ്ദേഹം പുറപ്പെട്ട "സെൻറയോൺ" എന്ന സ്ഥലത്തു വേറൊരു നവസന്ന്യാസാശ്രമം സ്ഥാപിച്ചു. അനന്തരം താൻ സ്ഥാപിച്ച അനേക സന്ന്യാസഭവനങ്ങളെ പരിശോധനാർത്ഥം സന്ദർശിച്ച് അവക്കു വേണ്ട ഉപദേശങ്ങളും നൽകി. ഫ്രൈന്നു-ൽ സന്ദർശനങ്ങളും അവസാനിപ്പിച്ചു റൂവൻ പട്ടണത്തിൽവന്നു. ഇവിടെവെച്ചു തന്റെ ഭരണജോലി പൂർണ്ണമായി രാജികൊടുക്കുന്നതിനു നിശ്ചയിച്ച് തനിക്കു പകരം ഒരു പൊതുശ്രേഷ്ഠനെ തെരിഞ്ഞെടുക്കുന്നതിനു വേണ്ട ശട്ടംകെട്ടുകൾ ആരംഭിച്ചു. രണ്ടാമതു ആലോചനയുടെശേഷം ആലോചനാസഭക്കാർ, ബ്രദർ ബർത്തൊൽമൈഅവർകളെ ഫ്രൈമെയ്മാസത്തിൽ പൊതുശ്രേഷ്ഠനായി തെരിഞ്ഞെടുത്തു.

ഭരണഭാരത്തിൽനിന്നു വിമുക്തനായ ശേഷം ഡെ. ലാ. സാം ഭ്രാതാക്കളിൽ ഒരുവനെപ്പോലെ ഏറ്റം വിനീതമായി ജീവിതം നയിച്ചുപോന്നു. നവസന്ന്യാസികളെ പരിശീലിപ്പിക്കുക, ബോർഡിങ്ങു കുട്ടികളെ പഠിപ്പിക്കുക, എഴുതിയുണ്ടാക്കിയ പുസ്തകങ്ങളെ പരിഷ്കരിക്കുക മുതലായ ജോലികളും അതു അദ്ദേഹം ചെയ്തുകൊണ്ടിരുന്നതു്. ഒരിക്കലും കല്പിച്ചിരുന്നില്ലെന്നു മാത്രമല്ല, അനുവാദം ചോദിക്കാതെ യാതൊന്നും ചെയ്തിരുന്നുമില്ല. ഇ

ങ്ങിനെ ഇരിക്കെ ഫ്രഥൻ-ാമാണ്ടിൽ തപസ്സുകാലത്തു് ഏങ്ങലും വാതവും അദ്ദേഹത്തെ ശക്തിയായി ബാധിച്ചു. എങ്കിലും തന്റെ തപഃകൃത്യങ്ങളെ അദ്ദേഹം വിട്ടു് ഉപേക്ഷിച്ചില്ല. തപഃകൃത്യങ്ങളെ കുറയ്ക്കണമെന്നു് അപേക്ഷിച്ചവരോടു് "ബലിവസ്തു ഹോമിക്കാറായിരിക്കുന്നു. അതു ശുദ്ധീകരിക്കപ്പെടുവാൻ നാം ശുദ്ധിക്കണം" എന്നു് അദ്ദേഹം സമാധാനം പറഞ്ഞിരുന്നു. ദീനം മരണകരമാണെന്നു വൈദ്യന്മാർ വിധിച്ചു. തന്റെ പ്രേഷ്ഠമദ്ധ്യസ്ഥനായ വി. യൌസേപ്പിന്റെ തിരുനാൾ അടുത്തുവന്നപ്പോൾ അദ്ദേഹത്തിനു് അല്പം ശക്തി ലഭിക്കയും ഭ്രാതാക്കളുടെ മദ്ധ്യേ തന്റെ കടശി പൂജയെ അദ്ദേഹം അർപ്പിക്കയും ചെയ്തു. അന്നുമുതൽ ദുഃഖവെള്ളിയാഴ്ചവരെ ശയ്യയിൽ തന്നെ കിടന്നിരുന്നു. അനുദിനം ശക്തിയും ക്ഷയിച്ചുവന്നു. ദുഃഖവെള്ളിയാഴ്ച സന്ധ്യാസമയത്തു തന്റെ ശിഷ്യഗണത്തിനു് അന്തിമോപദേശങ്ങൾ നൽകി അദ്ദേഹം അവരെ ആശീർവ്വദിച്ചു. ഒരുമണിക്കൂർ കഴിഞ്ഞു മരണം പ്രാപിക്കയും ചെയ്തു.

വി. പ്രാൻസിസ്കാസിന്റെ
മൂ. സഭയിലെ നിയമങ്ങൾ.

(മൂ. സ. സുപ്പീരിയർ.)

മൂന്നാംസഭയിൽ ചേരുക എന്നുവെച്ചാൽ എടുക്കാൻ പാടില്ലാത്ത ഒരു ഭാരം വലിച്ചു തലയിൽ കയറ്റുകയാണു് എന്നുള്ള ഒരു ധാരണ നിമിത്തം പലരും ഇതിൽ ചേരുവാൻ മടിക്കുന്നതായിട്ടറിയാം. എന്നാൽ ഒരു സാധാരണ കത്തോലിക്കൻ പാലിക്കേണ്ട നിയമങ്ങൾ തന്നെയല്ലാതെ അധികമായൊന്നും പ്രാ. മൂ. സഭക്കാർക്കു് ഇല്ലെന്നും ഇതിന്റെ അംഗമായി തീരുന്നതുകൊണ്ടു വൈവാഹിക ജീവിതക്രമത്തിനോ കുടുംബകൃത്യാനേഷണങ്ങൾക്കോ യാതൊരു വിഘ്നവും നേരിടുന്നില്ലെന്നും ഇതിന്റെ നിയമങ്ങൾ മനസ്സിരുത്തി വായിച്ചാൽ ബോദ്ധ്യപ്പെടുന്നതാണു്. പ്ര

ത്യത, തങ്ങളുടെ അന്തസ്സിന്നടുത്ത ചുമതലകളെ യഥാവിധി നിറവേറുന്നതിന്ന മൂ. സ. നിയമങ്ങളുടെ അനുഷ്ഠാനം വളരെ സഹായിക്കുകയും ചെയ്യും. തെറ്റിദ്ധാരണകൾ നീങ്ങുന്നതിനായി പ്രാ. മൂ. സ. നിയമങ്ങൾ ചുവടേ ചേർക്കുന്നു.

ഫ. ദിവസേന ചെയ്യേണ്ടവ.

പാടുണ്ടെങ്കിൽമാത്രംകുർബാനകാണുക. ശ്രദ്ധ. കുർബാനയ്ക്കു വിസീത്ത കഴിക്ക, ദീനംകൊണ്ടു തടസ്സപ്പെട്ടുകയില്ലായെങ്കിൽ ഫ്ര. ആ. ഫ്ര. നമ. ഫ്ര. ത്രിത്വസ്തുതി കാനോനാ നമസ്കാരമായി എത്തിക്ക; ഭക്ഷണത്തിന്ന മുമ്പും പിമ്പും നമസ്കാരം എത്തിക്ക, സന്ധ്യകഴിഞ്ഞു ആത്മശോധനചെയ്തു പാപങ്ങളിന്മേൽ മനസ്താപപ്പെടുക.

൨. മാസംതോറും ചെയ്യേണ്ടവ.

കുമ്പസാരിച്ചു ശ്രദ്ധ. കുർബാന കൈക്കൊൾക. മാസക്കൂട്ടങ്ങൾക്കു ക്രൂടുക. അഗതികൾക്കും ദീനക്കാർക്കും ദൈവാരാധനയ്ക്കും മറ്റും വേണ്ടി അല്പധനസഹായം ചെയ്ക.

൩. ആണ്ടുതോറും ചെയ്യേണ്ടവ.

അമലോത്ഭവമാതാവിന്റെ തിരുനാളിന്റെ തലേനാളായ ഡി൯ ൈ-ാം൩-യിലും വി. പ്രാൻസിസ്സാസിന്റെ തിരുനാളിന്റെ തലേനാളായ തൂചാമാസം ൩-ാം൩-യും നോമ്പുനോൽക്കുക. ആണ്ടിലൊരിക്കൽ മുഴുവൻ ധ്യാനം കഴിക്ക.

൪. എല്ലായ്പോഴും കാക്കേണ്ടവ.

ഉത്തരീയവും ചരടും ധരിക്ക. ദൈവപ്രമാണങ്ങളും തിരുസ്സഭയുടെ കല്പനകളും കാക്കുക. ഉടുപ്പിലും, നടപ്പിലും, സകല കായ്വാദികളിലും കവിച്ചുചായിട്ടുള്ളതൊക്കെ വർജിച്ചു ഓരോരുത്തക്കു ചേരുന്നതുപോലെ ഒരു മദ്ധ്യനില പാലിക്ക. നാടകങ്ങളിൽ നിന്നും ശൃംഗാരമയമായ മറ്റു കളികളിൽനിന്നും ക്രമക്കേടായ വിനോദങ്ങളിൽനിന്നും സൂക്ഷ്മമായി ഒഴിയുക. തീനിലും കുടിയിലും പഥ്യം കാക്കുക. എല്ലാവക്കും നല്ലദൃഷ്ടാന്തമാകുന്നിച്ചുകൊടുക്കയും ഭക്തിപരമായഅഭ്യാസങ്ങളും സുകൃതമുറകളും കാത്തുവരുകയും

ട്ടിക്കുകയും ചെയ്യ. നശീകരപുസ്തകങ്ങളും സന്മാർഗ്ഗവിരോധമായ വർത്തമാനപ്പത്രങ്ങളും വായിക്കാതിരിക്കയും തങ്ങളുടെ സ്വാധീനത്തിലുള്ളവർ വായിക്കാതിരിപ്പാൻ ശ്രമിക്കയും ചെയ്യ. എല്ലാവരോടും സമാധാനം കാക്കുകയും, വഴക്കുകൾ ഉണ്ടായാൽ സമാധാനപ്പെടുത്തുകയും ചെയ്യ. കൊള്ളരുതാത്ത സംസാരങ്ങളും അഭാസമായ അംഗ്യങ്ങളും വർജ്ജിക്ക. സാക്ഷാലുള്ള ആവശ്യത്തിനുകരിച്ചല്ലാതെ ഒരിക്കലും സത്യം ചെയ്യാതിരിക്ക.

മൂന്നാം സഭയുടെ ഈ നിയമങ്ങൾ ഒരുവേള ലംഘിച്ചാൽ തന്നെയും സഭയ്ക്കുടുത്ത നന്മകൾ ലഭിക്കുകയില്ലെന്നല്ലാതെ നിയമം ലംഘിച്ചതു് ഒരു പാപമായിരിക്കയില്ല. പറഞ്ഞൊപ്പു ചെയ്തവർക്കുപോലും സാധാരണ അംഗങ്ങളേക്കാൾ യാതൊരു കടമയും വിശേഷാൽ ഉണ്ടാകുന്നില്ല. സകല ക്രിസ്ത്യാനികളും അനുസരിപ്പാൻ കടപ്പെട്ടിരിക്കുന്ന ദൈവപ്രമാണങ്ങളെ കാത്തുകൊള്ളാമെന്നു് പറഞ്ഞൊപ്പു ചെയ്യുന്നതിനും പുറമെ "ഈലോക മാടമ്പിയായ" പിശാചിനേയും അവന്റെ ആഘോഷങ്ങളേയും അവന്റെ പ്രവൃത്തികളേയും മാമ്മോദീസാക്കല്ലുകൽ ഉപേക്ഷിച്ചുകൊണ്ടു് ദൈവത്തോടു ചെയ്ത ആ മൂന്നു വാഗ്ദത്തങ്ങളെ ഒന്നു പുതുക്കുന്നതേയുള്ള. എന്തെന്നാൽ, ഉടുപ്പിലും നടപ്പിലും തീനിലും കുടിയിലും മറ്റെല്ലാക്കാര്യങ്ങളിലും കവിച്ചിലായിട്ടുള്ളതൊക്കെ വർജ്ജിച്ചു്, ആട്ടം ക്രൂത്തു മുതലായവയിൽ നിന്നൊഴിഞ്ഞു്, തപസ്സിന്നടുത്ത അടക്കമുള്ള ജീവിതം കഴിച്ചുകൊണ്ടു്, മിശിഹായെ അനുകരിക്കുന്നതിനു് ഒരു നല്ല ക്രിസ്ത്യാനി ചെയ്യേണ്ട നിശ്ചയങ്ങളും പ്രതിജ്ഞകളും മാത്രമെ മൂന്നാം സഭയുടെ 'റേഗുള'യിൽ അടങ്ങിയിരിക്കുന്നുള്ള. മാനക്രമത്തിലും മറ്റും ചെയ്യേണ്ടതായി പറയപ്പെട്ടുന്ന അല്പ ധർമ്മസഹായങ്ങൾ, സാധാരണ ക്രിസ്ത്യാനികൾ മറ്റു വഴിക്കു ചെയ്യുന്ന ധർമ്മപ്രവൃത്തികളേത്തന്നെ ക്രമമായി ചെയ്യുന്നതിനു് ഒരു സഹായമായിരിക്കുന്നതേയുള്ള. ഭക്തിക്കടുത്ത ജീവിതം കഴിക്കുവാൻ ആഗ്രഹിക്കുന്ന ഏതു ക്രിസ്ത്യാനിയാണു് ഇതൊരു വലിയ കടമെന്നോ ഭാരമെന്നോ വിചാരിക്കുക?

ക്രൂടാതെ മൂന്നാം സഭയിൽ ചേരുന്നവക്ക് സിദ്ധിക്കുന്ന ജ്ഞാന ഫലങ്ങളും അനവധിയാണ്. ഇവർ വി. പ്രാൻസീസ്കോസിന്റെ മൂന്നാം സഭകളിലായി ഉള്ള മുപ്പത്തി അഞ്ചു ലക്ഷത്തിലധികം വൈദികരുടേയും അൽമേനികളുടേയും കർബാന, ക്രൂദാശകർം, നമസ്കാരം ആദിയായ ജപതപക്രിയകർംക്കെല്ലാം വിശേഷ വിധത്തിൽ ഓഹരിക്കാരായി തീരുന്നു. മറനേകം ബന്ധവിമോചനങ്ങളും പ്രാപിക്കാം.

അതിനാൽഒരുത്തമ ജീവിതം നയിക്കുന്നതിനുള്ള എളുപ്പമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും, സഹോദരാംഗങ്ങളുടെ പരസ്പര പ്രാർത്ഥനകളാലും മറവും അതിനുവേണ്ട ദൈവാനുഗ്രഹം പ്രാപിച്ചു തരികയും, മരണശേഷം നമ്മെ സഹായിക്കുന്നവരായ അനേകലക്ഷം സൈന്യങ്ങളുടെങ്കിയ ഒരു പ്രാർത്ഥനപ്പട്ടാളത്തെ സമ്പാദിക്കയും ചെയ്യാവുന്ന ഈ പരിശുദ്ധ സൈന്യത്തിൽ ചേരുവാൻ കഴിയുന്നതു താല്പര്യപ്പെടേണ്ടതല്ലയോ?

ഗൃഹനായിക.

(റവ. ഫാദർ തോമ്മസ്സ് കളം കൂവാലം.)

എല്ലാവിദ്യാലയങ്ങളിൽവച്ചു പ്രഥമവും പ്രധാനവും ആയ വിദ്യാലയം ഗൃഹമാകുന്നു. അദ്ധ്യാപകജോലി നടത്തുന്നവരിൽ വച്ചു പ്രഥമസ്ഥാനത്തെ അർഹിക്കുന്നതു യോഗ്യതയുള്ള ഒരു മാതാവാണെന്നുള്ളതിനു പക്ഷാന്തരമില്ല. അവളുടെ ഉദ്യോഗം ദൈവത്താൽ നിശ്ചയിക്കപ്പെട്ടതും കല്പിച്ചുറപ്പിക്കപ്പെട്ടതും അനുഗ്രഹിക്കപ്പെട്ടതുമായ ഒന്നത്രെ. അവളുടെ സ്ഥാനത്തെ അർഹിക്കുന്നതിനോ അവളുടെ ജോലിയെ നിർവ്വഹിക്കുന്നതിനോമററാർക്കും സാധിക്കുന്നതല്ല. അവൾ ദൈവനിശ്ചിതയായ ഒരു പ്രത്യേക ഉപാദ്ധ്യായനിമിത്തമല്ല തന്റെ അതിസമർത്ഥയായ ഒരു ശില്പിക്രൂടെയത്രെ. ലോകചരിത്രത്തിൽ അവളോടു കിടപിടിക്കുന്നതിന് യാതൊരു ശില്പിയൊ കൊത്തുപണിക്കാരനൊ ഇതുവരെ ഉണ്ടായിട്ടില്ല. ചിത്രമെഴുത്തുകാരൻ തുണിയിലും, കൊത്തുപണിക്കാരൻ മരത്തിലും, കല്ലിലും, അവരവരു

ടെ കൈവേലയെ പ്രദർശിപ്പിക്കുന്നു. പ്രത്യുത, മാതാവാകട്ടെ മനുഷ്യ ബുദ്ധിയിലും ഹൃദയത്തിലും മനസ്സിലും എന്നുവേണ്ടാ അമർത്യമായ മനുഷ്യാത്മാവിൽ തന്നെയും അവളുടെ ജോലിയെ നിർവ്വിഘ്നം നിർവ്വഹിക്കുന്നു. ഇവർ ചിത്രരൂപേണ വർണ്ണിക്കുന്നതും വരയ്ക്കുന്നതും പോഷിപ്പിക്കുന്നതും അന്യരിൽ അന്തർലീനമായിരിക്കുന്നതിനെയത്രെ. എന്നാൽ അവളുടെ ശിശുവിൽ ദൈവം സ്ഥാപിച്ചിട്ടുള്ളതിനെ ആകുന്നു അവൾ ചിത്രിക്കുന്നതും പരിപോഷിപ്പിക്കുന്നതും.

മനുഷ്യരുടെ ജനയിത്രികളായ ഉപാദ്ധ്യായിനികളെ! ഈ അന്തസ്സിലേള്ള ദൈവവിളി എത്രയൊ വലിയതും വിശേഷതരവും ശ്രേഷ്ഠവും ദൈവികവുമാകുന്നു. ലോകൈകനാഥന്റെ മാതാവായ പരിശുദ്ധ കന്യക മറിയം മാതൃമെ നിങ്ങളെ വെല്ലുന്നുള്ളൂ. ആ സ്വർഗ്ഗീയരാജ്ഞി നിങ്ങളുടെസോദരിയും ആദർശവുമാകുന്നു. അവരുടെ ദൈവപുംസുതനുമായ ആ ശിശുവിനെ സ്വഗൃഹത്തിൽവെച്ച് അദ്ധ്യയനം ചെയ്യിക്കുന്നതിനെ നിങ്ങൾധ്യാനിച്ച് അതിനെ അനുകരിപ്പിൻ. എല്ലാ മാതാക്കളും വിശിഷ്യാ കത്തോലിക്ക മാതാക്കളെല്ലാവരും അവരുടെ മാതൃത്വത്തിന്റെയും അദ്ധ്യാപികസ്ഥാനത്തിന്റെയും ദൈവിക ശില്പികളെന്ന പദവിയുടേയും സ്വഭാവ രൂപവല്ക്കരണ കർത്താക്കളെന്നുള്ള ശ്രേഷ്ഠപദത്തിന്റെയും മാഹാത്മ്യത്തെ യഥാവിധി മനസ്സിലാക്കി തദനുസരണം പ്രവർത്തിച്ചിരുന്നെങ്കിൽ മഹാനായ നെപ്പോളിയൻ പ്രവചിച്ചിരുന്ന സമാധാനവും സന്തുഷ്ടിയും ഈ ഭൂമുഖത്തിൽ നിരന്തരമായിനൃത്തം ചെയ്യുമായിരുന്നേനെ.

പുനരൈക്യപരിശ്രമങ്ങൾ.

(കെ. ഈ. ജോബ്, എം. എ. എൽ. ടി.)

ഇപ്പോൾപ്രബലനിന്നിരുമേനിമാർമൂലംസമാരംഭിച്ചിരിക്കുന്ന പുനരൈക്യത്തിന്റെആവശ്യംവളരെക്കാലം മുൻപുമുതൽ കേരളത്തിലെ ക്രിസ്തുമതചരിത്രത്തിൽരേഖപ്പെട്ടുകാണുന്നതാണ്. പോർത്തുഗീ

സുറിയാനിമാരുടെകേരളതീരപ്രദേശത്തിനുമുൻപുമലങ്കരനസ്രാണികൾക്കും കത്തോലിക്കമതാവലംബികളായ കൽദായ മെത്രാന്മാരാൽ ഭരിക്കപ്പെട്ടു പോന്നിരുന്നുവെന്നുള്ളതു തർക്കമറ്റ സംഗതിയാണു്. ഈ കത്തോലിക്ക മെത്രാന്മാർമാർപാപ്പായുടെ തിരുവെഴുത്തോടുകൂടി വന്നിട്ടുള്ളവരാണെന്നു സകല തെളിവുകളുമുണ്ടായിരുന്നിട്ടും അക്കാലത്തെ പോർത്തുഗീസു ഭരണാധികാരികൾ, അജ്ഞതകൊണ്ടോ, മുൻവിധികൊണ്ടോ, അധികാരപ്രമത്തതകൊണ്ടോ, നമുക്കു ദുർഗ്രഹമായ വല്ല മനസ്സാക്ഷിപ്രേരണകൊണ്ടോ, ഈ കത്തോലിക്ക മെത്രാന്മാർ നെസ്തോറിയവിശ്വാസത്തെ രഹസ്യമായി പ്രചരിപ്പിച്ചു വന്നിരുന്നുവെന്ന സംശയിക്കുകയും, അവരുടെ ഭരണത്തിൽനിന്നു നമ്മെവിടുത്തുകയും, പൌരസ്ത്യ സുറിയാനിസഭയുടെ ആരാധനക്രമങ്ങളിലും ആചാരങ്ങളിലും ഗണ്യമായ പാശ്ചാത്യനിറം കലർത്തുകയും ചെയ്തു. യാഥാസ്ഥിതികന്മാരായ നമ്മുടെ പൂർവികന്മാർക്ക് ഇതൊട്ടും സഹിച്ചില്ല. അതുകയാൽ അവർ പോർത്തുഗീസു് ജെസ്വിറ്റ് മേലധ്യക്ഷന്മാരുടെ ഈദൃശകൈയേറ്റങ്ങളിൽനിന്നു തങ്ങളെ രക്ഷിക്കുന്നതിനായി ബാബേൽ സിംഹാസനത്തിൽ വാണിരുന്ന കത്തോലിക്ക പാത്രിയർക്കീസിനോടാവശ്യപ്പെടുകയുണ്ടായി. ഈ എഴുത്തുകുത്തുകളുടെ ഫലമായിട്ടാണു് മാർ ഇഗ്നാത്തിയൂസ് അഹത്തല്ലാ എന്നപേരിൽ ഒരു "പാത്രിയർക്കീസ്" മൈലാപ്പൂരിൽ എത്തുകയും, "മാർപാപ്പായിൽനിന്നു് എനിക്കു സകല അധികാരങ്ങളും കിട്ടിയിരിക്കുന്നു. എന്റെ മക്കളെ വരുവിൻ. ഇഗ്നാത്തിയോസിനു സകലഅധികാരങ്ങളുമുണ്ടു്." എന്നിങ്ങനെ വ്യാജമായി വിവരിക്കുന്ന ഒരെഴുത്തു രണ്ടു ശമ്മാശന്മാർവഴി മലങ്കരയിലേയ്ക്കയക്കുകയും ചെയ്തതു്. പക്ഷേ മാപ്പാപ്പായുടെ അധികാരപത്രം ക്രൂരമായെവന്ന ഈ "പാത്രിയർക്കീസി"നെ പോർത്തുഗീസുകാർതടവിൽപാർപ്പിക്കയും ഒടുവിൽ ഒരു കപ്പലിൽകയറ്റി കൊച്ചിയിൽക്രൂരമായി കൊണ്ടുവന്നു ശീമയിലേക്കയച്ചുകളയുകയുമാണുണ്ടായതു്. എന്നാൽ നമ്മുടെപിതാക്കന്മാർ വളരെക്കാലമായി വിശ്വസിച്ചു വന്നതു ഈ "പാത്രിയർക്കീസി"നെ നിഷ്കളങ്കന്മാരായപാവങ്ങൾകടലിൽ കെട്ടിത്താഴ്ത്തിക്കളഞ്ഞുവെന്നാണു്. മാർപാപ്പായുടെ പ്രതിപുരുഷനോടു് ഇത്ര ഹീനപാ

തകം ചെയ്ത പറങ്കികൾ "മലങ്കരനസ്രാണികളുടെയും വിശുദ്ധ റോമാ സഭയുടെയും ശത്രുക്ക"ളാണെന്നു നമ്മുടെ പൂർവികന്മാർ വിശ്വസിച്ചു പോയതിൽ എന്താണു് അസംഗ്യാതം? ആകയാൽ അവർ പറങ്കികളോടു ചാതുരുപായങ്ങളും പ്രയോഗിച്ചു നോക്കിയ ശേഷം കൊച്ചി മട്ടാഞ്ചേരിൽ ഒരു കുരിശിൽ ആലാത്തു കെട്ടി അതിൽ പിടിച്ചുകൊണ്ടു മേലാൽ പറങ്കികൾക്കു കീഴ്പ്പെട്ടുകയില്ലെന്നു് ഒരു സത്യം ചെയ്തു. പറങ്കി മെത്രാന്മാരുടെ ഭരണവൈകല്യംഫലമായി ഉത്ഭവിച്ച ഈ ശീശ്മയാണല്ലൊ ഇപ്പോഴും മലങ്കരയുള്ള ക്രിസ്തീയജനതയെ അനേക ഉപസമുദായങ്ങളായി വിഭജിച്ചിരിക്കുന്നതു്

ഈ ശീശ്മയെ ഇല്ലാതെയാക്കുന്നതിനായി അനേകപരിശ്രമങ്ങൾ ഇതിനു മുൻപു നടന്നിട്ടുണ്ടു്. ഈ പരിശ്രമങ്ങളിൽ പ്രഥമമായിട്ടുള്ളതു് അക്കാലത്തു കത്തോലിക്കു സഭാഭരണം ചെയ്തുകൊണ്ടിരുന്ന അലക്സാണ്ഡർ സപ്തമൻ എന്ന മാർപാപ്പാ തിരുമനസ്സുകൊണ്ടു നേരിട്ടു നടത്തിയിട്ടുള്ളതാണു്. മലങ്കര നസ്രാണികൾ പറങ്കിമെത്രന്മാരെ അനുസരിക്കുകയില്ലെന്നു ക്രുനാൻകുരിശിൽ തൊട്ടു സത്യം ചെയ്തതു റോമാ സഭയോടും മാർപാപ്പായോടുമുള്ള അനാദരവുകൊണ്ടല്ലെന്നും, കേവലം തെറ്റിദ്ധാരണകൊണ്ടു മാത്രമാണെന്നും മാർപാപ്പാ തിരുമനസ്സിലേക്കു മനസ്സിലാകുകയാൽ നയകോവിദനും ഭക്തശിരോമണിയുമായ മൊൺസിഞ്ഞോർ ജോസഫ് സെബസ്ത്യാനി എന്ന വൈദികശ്രേഷ്ഠനെ മലങ്കരയിലേയ്ക്കു യാത്രയാക്കുകയും അദ്ദേഹംമൂലം ഒരു പുനരൈക്യപരിശ്രമം നടക്കുകയുമുണ്ടായി. ഈ ശ്രമംമൂലം ഒട്ടേറെ മലങ്കരനസ്രാണികൾ ധർമ്മസമ്മതരായ കത്തോലിക്കു് അധികാരികൾക്കു കീഴ്വഴങ്ങുകയുണ്ടായെങ്കിലും ശീശ്മയുടെ നേതാവായ മാർ തോമ്മാ അക്കിയാക്കോൻ നിരർത്ഥകമായ ആത്മാഭിമാനംപാവിച്ചുകൊണ്ടു ശീശ്മയിൽ കുഴിച്ചുകുട്ടിയതേയുള്ളൂ. പിന്നീടു പ്രസിദ്ധനാമാവായ പറമ്പിൽ ചാണ്ടിമെത്രാനവർകളുടെയും സഹപ്രവർത്തകന്മാരായ നാട്ടുവൈദികന്മാരുടെയും അക്ഷീണയത്നഫലമായി വേറെ പലരും ശീശ്മയെവിട്ടുപേക്ഷിക്കുകയുണ്ടായി. ഇതിനുശേഷം അടിയ്ക്കടി മലങ്കര പുത്തൻകുർ സൂറിയാനി സഭാഭര

ണം ചെയ്തിട്ടുള്ള നാലാം മാർതോമ്മാ, അഞ്ചാംമാർതോമ്മാ ആ റാം മാർതോമ്മാ എന്ന വൈദികർ പുനരൈക്യത്തിനുവേണ്ടി നിർവ്യാജമായി പ്രയത്നിക്കുകയുണ്ടായി എങ്കിലും സാഹചര്യങ്ങ ളുടെ പ്രാതികൂല്യം നിമിത്തം അവരുടെ പരിശ്രമങ്ങൾ സഫലീ ഭവിക്കാതെ പോകയാണു ചെയ്തിട്ടുള്ളതു്. ആറാം മാർതോമ്മാ പഴയക്കൂറു തറവാട്ടിൽ ജനിച്ചുവളർന്ന ഒരു കത്തോലിക്കു ബാല നായിരിക്കുകയിൽ സപ്തമാതുലനായ പുത്തൻക്കൂർ മെത്രാന്റെ ആ ഗ്രഹാനുസരണം പുത്തൻക്കൂറിലേക്കു വഴങ്ങിയതായിരുന്നതുകൊ ണ്ടു് ഇദ്ദേഹത്തിനു പുനരൈക്യവിഷയത്തിൽ പ്രത്യേകാസക്തി യുണ്ടായിരുന്നു. എന്നാൽ ഈ മഹത്തായ ഉദ്ദേശ്യസാധ്യത്തിനു് അന്നത്തെ വിദേശഭരണമേധാവികളും അനുകൂലികളല്ലായിരുന്നതു കൊണ്ടു് പഴയക്കൂർ സമുദായത്തിന്റെ അഭിമാനസ്തംഭവും പ്രോപ്പ ഗാർഡാ കോളജ് വിദ്യാർത്ഥിയുമായ ഡാക്ടർ ജോസഫ് കരി യാറ്റി മുഖാന്തിരം അക്ഷീണപരിശ്രമം ചെയ്തതിന്റെ ഫലമാ യി സംഗതികൾ കരസ്ഥമായി എന്ന ദിക്കായപ്പോൾ വീണ്ടും ഇ രുതരമായ വിഘ്നങ്ങൾ നേരിടുകയാൽ പ്രസ്തുത പുനരൈക്യപരി ശ്രമവും "പൂജ്യമായി" കലാശിച്ചു.

ഇങ്ങനെ കുറേനാൾ കഴിഞ്ഞതിൽപിന്നെ പുത്തൻക്കൂർ മെ ത്രാനായ ചേപ്പാട്ടു മാർ ദീവന്യാസോസ് അന്നത്തെ വരാപ്പുഴമെ ത്രാപ്പോലീത്തായുമായി പുനരൈക്യം സംബന്ധിച്ചു ചില ചോ ദ്യോത്തരങ്ങൾ നടത്തിയിരുന്നതായിട്ടറിയാം. അദ്ദേഹത്തിന്റെ കാലശേഷം മലങ്കരയാക്കോബായസഭയെ പ്രശസ്തമായ വിധ ത്തിൽ ഭരിച്ചുകൊണ്ടിരുന്ന പുലിക്കോട്ടു മാർ ദീവന്യാസോസ് മെത്രാപ്പോലീത്താ, നിയ്യാതനായ നിധിയിരിക്കൽ മാണിക്കത്ത നാരെയുംകട്ടക്കയത്തിൽ ചാണ്ടിക്കത്തനാരെയുംക്ഷണിച്ചു ഊട്ടുകമണ്ഡി ൽപോയി അപ്പോൾ അവിടെ താമസിച്ചിരുന്ന ഉലഗാദപ്പസ്തോ ലിക്കയുമായി സംഭാഷണം നടത്തിയതായും അക്കാലത്തു പുന രൈക്യത്തിനുവേണ്ടി പഴയക്കൂറുകാരും പുത്തൻക്കൂറുകാരുമായി ഒത്തൊരുമിച്ചു പരിശ്രമിച്ചിരുന്നതായും അനേകലക്ഷ്യങ്ങളുണ്ടു്. ഇപ്പോഴത്തെ മലയാളമനോരമസ്ഥാപനം ഇതിന്റെ പ്രത്യക്ഷല ക്ഷ്യമായി എന്നും പരിലസിക്കുന്നതുമാണു്. അപ്പോഴും ഈ പ

രിശ്രമങ്ങളെല്ലാം വിഫലമാകുകതന്നെ ചെയ്യു എന്നു വിശേഷാൽ പറഞ്ഞറിയിക്കേണ്ട ആവശ്യമില്ലല്ലൊ.

ഈ പരിശ്രങ്ങളെല്ലാം നിഷ്ഫലമായതേ ഉള്ളു എങ്കിലും ബഥനി മെത്രാപ്പോലീത്താ തിരുമനസ്സിലേയും തിരുവല്ലാ മെത്രാൻ തിരുമനസ്സിലേയും ആഭിമുഖ്യത്തിൽ ഇപ്പോഴം ആരംഭിച്ചിരിക്കുന്ന പുനരൈക്യ പരിശ്രമം സാദ്ധ്യാ വിജയോന്മുഖമായി തീരുന്നതിനു് സർവ്വേശ്വരൻ കടാക്ഷിക്കുമാറാകട്ടെ.

സഭയുടെ അപ്രമാദിത്വം

ഒരു സംഭാഷണം.

(Adapted.)

(ശ്രീമാൻ പി. സി. ജോസഫ്, ബി. എ. ഓണേഴ്സ്)

ശമുവേൽ—അല്ല, വറീച്ചനല്ലേ; കണ്ടിട്ടെത്രനാളായി! ഈയിടെ റോമ്മായിൽ ചേന്ന എന്ന കേട്ടു. അപ്പോഴേഒന്നുകാണണമെന്നു ഞാൻ വിചാരിച്ചു.

വറീച്ചൻ—റോമൻ കത്തോലിക്കാസഭയിൽ ചേന്ന എന്നു്; അല്ലേ? അതുശരിയാണു്. ഇപ്പോഴം വിശ്വാസത്തെസംബന്ധിച്ചിടത്തോളം എനിയ്ക്കൊന്നു സമാധാനം!

ശ—ശരി. നമ്മുടെ—അല്ല, ഞങ്ങളുടെ സഭയിൽ കുറെ കുഴപ്പങ്ങളം ഒക്കെയുണ്ടു്, അതായതു് ഭരണസംബന്ധമായിട്ടു്. സഭ കത്തഴിഞ്ഞ ഒരു പുസ്തകംപോലെയാണെന്നു പോലും ചിലർ രഹസ്യത്തിൽ പറയുണ്ടു്. അതുകൊണ്ടു വിശ്വാസത്തിനെന്താ? അതുപോകട്ടെ. നിങ്ങളംക്കിപ്പോഴം മനസ്സിനു സമാധാനം! ഇല്ലേ? കൊള്ളാം; പക്ഷെ, നിങ്ങളുടെ അപ്രമാദിത്വമെന്നു പറയുന്ന വിശ്വാസം കുറെ കടന്നുപോയി.

വ—ഒരിക്കലും ഇല്ല. എന്റെ കായ്യം പറഞ്ഞാൽ സഭയുടെ അ

പ്രമാദിത്വത്തിൽ വിശ്വസിച്ചില്ലെങ്കിൽ, പിന്നെ സഭയുടെ പ്രമാണങ്ങളും എങ്ങനെ വിശ്വസിക്കും?

ശ—നിങ്ങളുടെ കായ്മും ബഹുവിശേഷം! വിശ്വസിക്കുവാൻ തുടങ്ങിയാൽപിന്നെ എല്ലാം വിശ്വാസം തന്നെ. ഒന്നെങ്കിൽ കളരിക്കു പുറത്തു് അല്ലെങ്കിൽ കുറ്റിന്റെ തലയിൽ!

വ—അതേ. സത്യാന്വേഷണത്തിൽ ഇടയ്ക്കുങ്ങും തങ്ങുന്നു. പകുതിസത്യം പച്ചക്കള്ളത്തേക്കാളും ഭയങ്കരമാണു്. അപ്രമാദിത്വം ഇല്ലെങ്കിൽ സഭയുടെ ആണിക്കല്ലുപോയി. അപ്പോൾ വിശ്വാസം വെറും ഒരഭിപ്രായം എന്ന നിലയിലായിത്തീരും. ഒരുപക്ഷെ തെറ്റാണെന്നുംവരാം എന്നോർത്തുകൊണ്ടു് ഒരു കായ്മും എനിക്കു വിശ്വസിക്കാൻ വയ്യാ. ഇന്ന പ്രമാണങ്ങളും അനുസരിച്ചു ജീവിതം നയിക്കണമെന്നു സഭ എന്നോടുപറഞ്ഞാൽ, ആ പ്രമാണങ്ങളും ശരിയാണൊ എന്നു് എനിക്കു് ആദ്യം അറിയണം. തെറ്റുവരാത്ത ഒരധികാരസ്ഥാനമില്ലെങ്കിൽ പിന്നെ ആരാണു് ആ പ്രമാണങ്ങളും ശരിയാണെന്നു തീർച്ചപറയുന്നതു്.

ശ—ഹ! അതിനല്ലേ വേദപുസ്തകം ഉള്ളതു്! അതിൽ നാം, അറിയേണ്ടതിന്നതെന്നും, ചെയ്യേണ്ടതിന്നതെന്നും, ദൈവം തന്നെ പറയുന്നുണ്ടല്ലോ.

വ—പക്ഷെ വേദപുസ്തകം എന്നു നാം സ്വീകരിച്ചുപോരുന്നതു ദൈവവാക്യം തന്നെയാണെന്നുള്ളതിനു് എന്താണൊറപ്പു്? സിറിയായിലോ മറേറാ ഉള്ള ഒരു ജാതിക്കാരുടെ കുറെ കെട്ടുകഥകളും പഴയ "പടാത്ത"കളും ക്രൂട്ടിച്ചേർത്തുണ്ടാക്കിയതല്ല അതെന്നു് എങ്ങനെയാണു തീർച്ചപ്പെട്ടുത്തുന്നതു്?

ശ—കൊള്ളാം, പറഞ്ഞു പറഞ്ഞു് ഇത്രത്തോളമായി! വേദപുസ്തകം ഉപേക്ഷിച്ചാൽ അടി തെറ്റിപ്പോയില്ലേ? അതിലെ വാക്യങ്ങളും ദൈവത്തിന്റെ തിരുവായിൽ നിന്നുതന്നെ വരുന്നതാണെന്നും, അതു് ജയിക്കാൻ പാടില്ലാത്ത ഒരു കോട്ടയാണെന്നും മറ്റും മഹാന്മാർ പറയുന്നു. എത്ര തലമുറകളായി അതു് ദൈവവാക്യമാണെന്നു ക്രൈസ്തവലോകം വിശ്വസിച്ചുപോരുവാൻ തുടങ്ങിയിട്ടു്? പല സൂനഹദോസു

കളും അങ്ങനെ തന്നെയാണു് വിധിച്ചിട്ടുള്ളതു്. "യുക്തിവാദി"കളല്ലാതെ ആരും വേദപുസ്തകത്തെ നിഷേധിക്കയില്ല.

വ. അതെ, ഇന്നു ഞാൻ കത്തോലിക്കനായി സഭയുടെ അപ്രമാദിത്വത്തിൽ വിശ്വസിച്ചില്ലെങ്കിൽ, നാളെ തീർച്ചയായും ഒരു യുക്തിവാദിയായിത്തന്നെ തീരുമായിരുന്നു. നിങ്ങളുടെ വാദം ശരിതന്നെ. നിങ്ങൾ വേദപുസ്തകം ദൈവവാക്യമാണെന്നു സമ്മതിക്കുന്നതു് സഭ അങ്ങനെ വിശ്വസിക്കുന്നതുകൊണ്ടും, വീണ്ടുംവീണ്ടും സൂനഹദോസുകൾ മുഖേന അങ്ങനെതന്നെ പ്രഖ്യാപനം ചെയ്തിരിക്കുന്നതു കൊണ്ടും ആണെന്നല്ലേ പറയുന്നതു്? അപ്പോൾ നിങ്ങളുടെ വിശ്വാസം സാക്ഷാൽ വേദപുസ്തകത്തിന്മേലല്ല, വേദപുസ്തകം ദൈവവാക്യമാണെന്നു പഠിപ്പിക്കുന്ന സഭയുടെ മേലാണു് സ്ഥാപിക്കപ്പെട്ടിരിയ്ക്കുന്നതു്, അല്ലേ? ഒരു സമയം, ആ സഭ തെറ്റിൽ പെട്ടുപോകാമെന്നു വന്നാൽ, അതിന്റെ വിശ്വാസങ്ങൾക്കും പ്രഖ്യാപനങ്ങൾക്കും എന്താണു് പ്രാമാണ്യം? അപ്പോൾ സഭ ദൈവവാക്യമെന്നു വിശ്വസിച്ചിരിക്കുന്ന ആ അജയ്യമായ കോട്ടയും തവിടുപൊടി! പിന്നെ "യുക്തിവാദം" തന്നെ ജയഭേരി മുഴക്കും.

ശ. ഓഹോ നിങ്ങൾ പറയുന്നതു മനസ്സിലായി. പക്ഷെ, അതു കുറെ ഔദ്ധത്യമല്ലെ, എന്നാണു എന്റെ സംശയം. തിരുവായ്ക്കെതിർ വായില്ലെന്നു പറയുന്നതുപോലെ, റോമാവിധിച്ചാൽ പിന്നെ ആരും മിണ്ടിപ്പോകരുതു്, ഇല്ലേ?

വ. അതെ അങ്ങനെതന്നെ. യുക്തിഭംഗം വാരാതിരിക്കണമെങ്കിൽ പിന്നെയെന്താണു് ഗത്യന്തരം? നമ്മുടെ കർത്താവു് ലോകാവസാനം വരെ തന്റെ പ്രമാണങ്ങൾ എല്ലാജാതിക്കാരേയും പഠിപ്പിക്കുവാൻ ഒരു പ്രേഷിതസംഘത്തെ അയയ്ക്കുകയും, അവരുടെ വാക്കുകൾ ദൈവവാക്യമെന്നവണ്ണം സ്വീകരിക്കണമെന്നു നമ്മോടു കൽപിക്കുകയും ചെയ്തിരിക്കെ, ആ പ്രേഷിതന്മാർ പ്രമാദത്തിൽപെട്ടുപോകുന്നു എന്നു് എങ്ങിനെയാണു് സങ്കല്പിക്കുന്നതു് അവർ ലോകരോടു

"നിങ്ങളം സൂക്ഷിച്ചുകൊള്ളണം. വാസ്തവം പറഞ്ഞാൽ എനിയ്ക്കുതന്നെ നിശ്ചയമില്ല. ഞാൻ പറയുന്നതു് ഒരുപക്ഷെ ശരിയായിരിക്കാം, ഒരുപക്ഷെതെറ്റായിരിക്കാം, ഒരു സമയം ഞാൻ പറയുന്നതു് പരമാബദ്ധമാണെന്നും വന്നേയ്ക്കാം; പലപ്പോഴും എനിക്കങ്ങനെ പറ്റിയിട്ടുണ്ടു്. മനുഷ്യപ്രകൃതി അബലമാണല്ലോ. അതെ, സത്യം, ഞാൻ പറയുന്നതിന്റെ നേരെ വിപരീതമാണെന്നുംവരാം. ഞാൻ പറിപ്പിയ്ക്കുന്ന ഈ പ്രമാണങ്ങളം ശരിയാണെന്നു് ഞാൻ ഉറപ്പുപറയുന്നില്ല. എനിയ്ക്കുതന്നെ നിശ്ചയമില്ല" എന്നിപ്രകാരം പ്രസംഗിക്കുന്ന എന്നെ വിചാരിക്കുക!

ശ. ഇതൊക്കെ വെറും പരിഹാസമല്ലെ! അപ്രമാദിത്വമില്ലെന്നുവെച്ചു് ഇത്രയ്ക്കാന്നും കുഴപ്പമുണ്ടാകയില്ല.

വ. ഇതിൽ ക്രൂരത! ഇതൊന്നും പരിഹാസമല്ല. വെറും ന്യായം, എതിർക്കാൻ പാടില്ലാത്ത ന്യായം! അതുകൊണ്ടല്ലേ അപ്രമാദിത്വത്തിൽ വിശ്വസിക്കാത്ത ചില ചിന്താശീലന്മാർ നിരാശയിൽപ്പെട്ടു് മതം തന്നെ ഉപേക്ഷിക്കുന്നതു്? ആട്ടെ സർവശക്തൻ നമ്മുടെ ആത്മീയരോഗങ്ങളം ശമിപ്പിക്കുവാൻ, ഒരു പൊട്ടവൈദ്യനെയാണോ അയയ്ക്കുന്നതു്? അങ്ങനെയാണെങ്കിൽ തന്റെ ഉദ്ദേശ്യം തന്നെ വിഫലമായിപ്പോകും. വീണ്ടും വീണ്ടും സഭ മനുഷ്യരെ അസത്യമാർഗ്ഗത്തിൽ ക്രൂരി നയിക്കും. അതു ഉപയോഗശൂന്യമെന്നല്ല ഉപദ്രവകരമായിത്തന്നെ തീരും. നിങ്ങളുടെ കുട്ടിയെ പഠിപ്പിയ്ക്കുവാൻ നല്ല വ്യുല്പത്തിയുള്ള ഒരു ഗുരുവിനെയല്ലാതെ നിങ്ങളം ഏർപ്പെടുത്തുമോ? നാലും മൂന്നും അറിയാൻ പാടില്ലാത്ത ഒരുത്തനെയാണോ നിങ്ങളുടെ കുഞ്ഞിനെ കണക്കു പഠിപ്പിക്കുവാൻ ഏല്പിക്കുന്നതു്? എന്റെ സ്നേഹിതാ, അപ്രമാദിയായ ഒരു സഭ സ്ഥാപിക്കുവാൻ, നമ്മുടെ കർത്താവിനു കഴിയുമായിരുന്നിട്ടും അങ്ങിനെ ചെയ്തില്ലെന്നാണോ നിങ്ങളം പറയുന്നതു്? ആംഗ്ലിക്കൻപ്രാർത്ഥനപുസ്തകത്തിൽ, എല്ലാ സഭകളും "അവരുടെ ജീവിതരീതിയിലും, ആരാധനക്രമത്തിലും മാത്രമല്ല, വിശ്വാസത്തി

ൽപോലും" (xix) തെറ്റിപ്പോയിട്ടുണ്ടെന്നു കാണുന്നു. അങ്ങനെയാണെങ്കിൽ, "ഈ പള്ളിയും, പട്ടക്കാരും, കേസും, വഴക്കും എല്ലാം പോയിതുലഞ്ഞെങ്കിൽ" എന്നു ചില സാധാരണജനങ്ങൾ ആശിച്ചുപോകുന്നതിൽ എന്താണത്ഭുതം?

ശ. അങ്ങനെയും ചിലർ പറയുന്നുണ്ടു്. എന്തായാലും അപ്രമാദിത്വം ഒരു നല്ല നയമല്ല. റോമായിൽ സത്യാന്വേഷണത്തിനു സ്ഥാനമില്ല. കുറെ സൂനഹദോസുകളും പ്രഖ്യാപനങ്ങളും കൂട്ടിച്ചേർത്തു് എഴുതി തിട്ടപ്പെടുത്തിയിരിക്കുന്നതാണു് നിങ്ങളുടെ വിശ്വാസം. ഇതു്, ഈ അപ്രമാദിത്വം, നിങ്ങളെ വാസ്തവത്തിൽ റോമായുടെ അടിമകളാക്കിത്തീർക്കുന്നു. നിങ്ങൾക്കു കൂടുതൽ സത്യം അന്വേഷിച്ചുകണ്ടുപിടിക്കുവാൻ സ്വാതന്ത്ര്യമില്ല.

വ. കൊള്ളാം "സത്യഗ്രഹണത്തേക്കാൾ സത്യാന്വേഷണമാണു് നല്ല"തെന്നു പണ്ടൊരിക്കൽ പറഞ്ഞ ആ ആംഗ്ലിക്കൻവൈദികന്റെ കായ്യം എന്റെ ഓർമ്മയിൽ വരുന്നു. ഒന്നാമതു തന്നെ ഈക്കായ്യത്തിൽ എന്താണു് നയം? സത്യമോ അസത്യമോ എന്നാണു വാദം. മാത്രമല്ല, വാദവിഷയങ്ങളായിരിയ്ക്കുന്നവയെപ്പറ്റി ചിന്തിക്കുന്നതിനും, വാദിക്കുന്നതിനും കൂടെക്കൂടെ ആലോചിക്കാൻ സഭയ്ക്കു യാതൊരു തടസ്സവുമില്ല. സഭയും, ശാസ്ത്രജ്ഞന്മാരും പണ്ഡിതന്മാരും ചെയ്യുന്നതുപോലെയാണു് ചെയ്യുന്നതു്. ജ്ഞാനം വർദ്ധിക്കുന്തോറും വാദവിഷയങ്ങൾ കുറഞ്ഞുവരുന്നു. ഓരോരുത്തർ പുതിയ പ്രകൃതിനിയമങ്ങൾ കണ്ടുപിടിക്കുമ്പോൾ വാസ്തവത്തിൽ നമ്മുടെ അന്വേഷണപരിധി കുറഞ്ഞുപോകുന്നില്ലെ? അതുപോട്ടെ, ഞാനൊന്നു ചോദിക്കട്ടെ, നാമെന്തിനാണു് ന്യൂട്ടന്റെയും കൊളംബസിന്റെയും പ്രതിമകൾ ഉണ്ടാക്കിവെച്ചു് അവരെ ബഹുമാനിക്കുന്നതു്?

ശ. അതുവേറെ കായ്യം. അവർ വലിയ ശാസ്ത്രജ്ഞന്മാർ, ലോകോപകാരികൾ.

വ. ശരിതന്നെ. പക്ഷെ അവർ ചില നൂതനതത്വങ്ങൾ കണ്ടുപിടിച്ചതുകൊണ്ടു് നമുക്കു് വാദത്തിനും അന്വേഷണത്തി

നും വിഷയം കുറഞ്ഞുപോയില്ലേ? വാസ്തവം പറഞ്ഞാൽ ശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം അവർ വളരെ കായ്ക്കുമായ "ബൂള"കം തന്നെയാണു് പ്രസിദ്ധപ്പെടുത്തിയതു്. ഇന്നൊരാൾ അമേരിക്കാ കണ്ടുപിടിക്കാൻ പുറപ്പെട്ടാൽ അയാളുടെ സ്ഥാനം തീർച്ചയായും ഉന്മത്താലയിലായിരിയ്ക്കും. അമേരിക്കാ കണ്ടുപിടിക്കുവാൻ നമുക്കുള്ള സ്വാതന്ത്ര്യം കൊളമ്പസു നശിപ്പിച്ചു. നിങ്ങളുടെഅഭിപ്രായപ്രകാരം ഇതും അടിമത്തനമല്ലെ? അതുപോലെതന്നെ കോപ്പർണിക്കസും. ഇന്നു ഭ്രമി പരന്നതാണെന്നു വാദിക്കുവാൻ നമുക്കു സ്വാതന്ത്ര്യമില്ല. ഏകദേശം ഇങ്ങനെയാണു് അപ്രമാദിയായ സഭയുടെ വിശ്വാസപ്രഖ്യാപനങ്ങളും.

ശ. ആട്ടെ, സഭ വാസ്തവത്തിൽ അപ്രമാദിയായിരുന്നുവെങ്കിൽ തരക്കേടില്ലായിരുന്നു.

വ. നിങ്ങൾ ഇപ്പോൾ പറഞ്ഞതു ന്യായം. സഭ വാസ്തവത്തിൽ അപ്രമാദിയാണോ അല്ലയോ എന്ന ഒരു ചോദ്യത്തിനവകാശമുണ്ടു്. സംശയങ്ങളും വാദങ്ങളും തീർക്കുന്നതിനും ദൈവവാക്യം പഠിപ്പിക്കുന്നതിനും, അപ്രമാദിയായ ഒരു ആത്മീയഗുരു ഉണ്ടെങ്കിൽ അതു വലിയ അനുഗ്രഹമാണെന്നു നിങ്ങൾ ആദ്യം സമ്മതിക്കുന്നോ?

ശ. തീർച്ചയായിട്ടും അതു സമ്മതിക്കാം. എന്നാൽ അങ്ങനെ ഒരു ഗുരു ഇല്ലല്ലോ.

വ. നിൽക്കു. അങ്ങിനെ ഒരു സഭ ഉണ്ടെങ്കിൽ അതു സ്വാതന്ത്ര്യം നശിപ്പിക്കുന്നുഎന്നും മനസ്സിനെ അടിമയാക്കുന്നുഎന്നും, സത്യാന്വേഷണം അനുവദിക്കുന്നില്ലഎന്നും അപവദിക്കുന്നതിനുപകരം നിങ്ങൾ ആ സഭയെ സ്തുതിക്കയും അനുസരിക്കയും ചെയ്യുമോ?

ശ. ഓഹോ, അതെത്ര നല്ല കായ്യം. പക്ഷെ—

വ. ശരി, ഇനി അപ്രമാദിയായ ഒരു സഭ ഉണ്ടോ എന്നാലോചിച്ചാൽ മതി. അങ്ങനെയൊരു സഭയുണ്ടെന്നും അതു ഏകവും പരിശുദ്ധവും കത്തോലിക്കയും അപ്പൊസ്തോലികവും ആയ സഭയാണെന്നും, മൂന്നു കോടിയിലധികം

കത്തോലിക്കർ വിശ്വസിക്കുന്നു. അപ്രമാദിയായ ഒരു സഭ സ്ഥാപിക്കുവാൻ നമ്മുടെ കർത്താവിനു കഴിയുമായിരുന്നു എന്നു നിങ്ങളും സമ്മതിക്കുന്നു. അങ്ങനെ ഒരു സഭ ഉണ്ടായിരുന്നെങ്കിൽ നന്നായിരുന്നു എന്നു നാം സ്ഥാപിക്കുകയും ചെയ്തു. ഇനി മേല്പറഞ്ഞപ്രകാരം ഒരു സഭ ഉണ്ടോ എന്നാണു് ചോദ്യം. ഉണ്ടെങ്കിൽ, അതു് അപ്രമാദിയെന്നു സ്വയം വാദിക്കുന്ന ഏകസഭ, അതായതു റോമൻ കത്തോലിക്കാസഭ, അല്ലാതെ വേറെ ഏതാണു്? ആലോചിച്ചു നോക്കണം. സാക്ഷാൽ അപ്രമാദിത്വമാണു് വിശ്വാസത്തിന്റെ അടിസ്ഥാനം. സഭയുടെ പ്രാമാണ്യത്തെ ആശ്രയിച്ചാണു് വേദപുസ്തകം തന്നെ ദൈവവാക്യമാണെന്നു നാം വിശ്വസിക്കുന്നതു്. വി. അഗസ്തീൻ പറഞ്ഞിരിക്കുന്നതു നോക്കുക. "കത്തോലിക്കാസഭയുടെ പ്രാമാണ്യം കൊണ്ടല്ലെങ്കിൽ, വേദപുസ്തകം തന്നെ ഞാൻ വിശ്വസിക്കയില്ല". ഓഹോ സമയം കടന്നുപോയി; ഞാൻ പോകട്ടെ ഇപ്പോൾ കുറെ തിടുക്കത്തിലാണു്. ഇതുമുഴുവൻ പറഞ്ഞുനിന്നുപോയി എന്നെ ഉള്ളൂ.

ശ. എന്നാൽ അങ്ങനെയാകട്ടെ. ഈയിടെ ഇവിടെ കാണാമല്ലോ.

മദ്ധ്യസ്ഥനമംഗളം.

(ഗാഥ)

(റവ. ഫാദർ പീലിഹ് കണ്ടങ്കരി.)

വേദപ്രചാരണ മദ്ധ്യസ്ഥൻ മാസികേ!
ഖേദം കളഞ്ഞു നീ വാണീടേണം.

നിന്നുടെ സങ്കടമൊക്കയും തീർക്കുവാൻ
നിന്നുടെ താതനാം വന്ദ്യനില്ലെ?

തന്നുടെ ശ്രേഷ്ഠമാമുദ്യമോദ്ദേശ്യവും
നിന്നുടെ ധർമ്മവുമൊന്നല്ലയോ?

പോരങ്കിലിന്നാങ്ങ റോമ്മയിൽ വാഴുന്ന
പേരെഴും പീയൂസുരാജനും കേൾ,
ക്രീസ്തുവിൻ രാജ്യത്തു "ക്രിസ്തീയസ്ഥത
അസ്തു"വെന്നല്ലയോ മുദ്രാവാക്യം?
ത്രുപതയോരോന്നു ഭാഗിച്ചിടുന്നതും
ത്രുപീകരിപ്പതും പുത്തനായി
വേദപ്രചാരണമെത്രയുംവേഗത്തിൽ
സാധിച്ചിടുന്നതിനായിട്ടല്ലെ?
നിന്നുടെ വാത്സല്യനാട്ടുകാരൊട്ടുപേർ
നിന്നിഷ്ടമായതു കൈവരുത്താൻ;
തന്നിഷ്ടമൊക്കയും കൈവെടിഞ്ഞിന്നിതാ
തന്നാടതും വീടും വിട്ടിടുന്നു.
മുമ്പേഗമിച്ചിടുന്നീയിവർ തന്നുടെ
പിമ്പേ ഗമിച്ചിടാനൊട്ടനേകർ,
ഇമ്പമോടിന്നിഹ സന്നദ്ധരാകുന്നു;
വമ്പല്ല ചൊൽവതു കേട്ടീടേണം
ഈ വാനിയോസെന്നും തീയോഫിലസെന്നു
മീവന്ദ്യ താതന്മാർ രണ്ടുപേരും;
റമ്പാന്മാരായുള്ള ചേപ്പാട്ടെയച്ചനും
കൊമ്പനാം നല്ല പൂലിക്കോടനും.
നിന്നുടെ ജോലിയെ വൃദ്ധിപ്പെടുത്തുവാൻ
വന്നിങ്ങുചേർന്നതു കേട്ടതില്ലേ?
മൻപന്മാരീയിവർ; പിമ്പേഗമിച്ചീടാൻ
വൻപന്മാർ കാണുമേ മറനേകർ
നിസ്തുലമായുള്ള നിന്നുടെയുദ്യമം
ക്രീസ്തുവാം നാഥനുണ്ടാത്തമോദം,
എപ്പോഴുമാദരിച്ചാശീർവദിച്ചിടാ
നപ്പോഴോ നീയെന്തു ഖേദിക്കുന്നു?
തെല്ലൊരു സംഖ്യ കടമുള്ളതു നിന
ക്കല്പലിനാളെല്ലൊരു കാരണമോ?
നിന്നുടെ വേലയിലാസക്തിയേറുന്ന
നിന്നുടെ മിത്രങ്ങൾ തുഛമെന്നോ!
വൈദികരും ഭക്തി തീക്ഷ്ണതയാളുന്ന
വൈദഗ്ദ്ധ്യവാന്മാരുമില്ലയെന്നോ?

ആയവർ ചെറിന്നു ക്രൂതൽ നിന്നുടെ
കായ്ങ്ങൾ ഗൗനിച്ചാൽ പോരെന്നുണ്ടോ?
ആയതുകൊണ്ടു നൽ "മദ്ധ്യസ്ഥൻ മാസികെ"!
ആമയമറവു നീ വാണീടുക.

ഈ മാസത്തെ ജപപ്രാസ്താലപൊതുനിയോഗം
"മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന."
(ഫർഹാം വശം നോക്കുക)

വാർത്താസംഗ്രഹം.

ബഥനിക്കായ്മ—ബഥനി മെത്രാപ്പോലീത്താ നിതാന്തവന്ദ്യദിവ്യ ശ്രീ മാർഇവാനിയോസ് തിരുമനസ്സുകൊണ്ടും തിരുവല്ലായുടെ മാർ തിയോഫിലോസ് മെത്രാനച്ചൻ തിരുമനസ്സുകൊണ്ടും ഇതിനിടെ കേരളത്തിലുള്ള കത്തോലിക്കമെത്രാപ്പോലീത്താമാരേയും മെത്രാന്മാരെയും സന്ദർശിച്ചിരിക്കുന്നു. എറണാകുളം മെത്രാപ്പോലീത്താ മാർ അഗസ്റ്റീൻ കണ്ടത്തിൽതിരുമനസ്സുകൊണ്ടു തിരുമേനിമാർക്ക് ഓരോ തിരുവാഴികളും കോട്ടയം മെത്രാനച്ചൻ മാർ അലക്സാന്ത്രയോസ് തിരുമനസ്സുകൊണ്ട് ഓരോ മിത്രയും സമ്മാനിച്ചിരിക്കുന്നു. ചങ്ങനാശേരിൽവച്ചു കെങ്കേമമായ സ്വീകരണവും മംഗളപത്രസമർപ്പണവും പൊതുയോഗവുകഴിഞ്ഞു മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു വന്ദ്യതിരുമേനിമാർക്കു വിശേഷതരത്തിലുള്ള മെഡലും മോതിരവും സമ്മാനിക്കുകയുമുണ്ടായി. ഇതുകൂടാതെ മുട്ടാറിലേക്കു ജലമാർഗ്ഗമായി തിരുമേനിമാരുടെ ഒരു എതിരേൽപ്പുണ്ടായിരുന്നതും പ്രസ്താവ്യമാണ്. താമസിയാതെ കോട്ടയം അയിരൂർ, കല്ലൂപ്പാറ നെടുംകുന്നം എന്നീ സ്ഥലങ്ങളിലും തിരുമേനിമാരുടെ സ്വീകരണവും പ്രസംഗങ്ങളുമുണ്ടായിരിക്കുന്നതാണ്.

ബഹുമാന്യനായ അതിഥി—പ്രസിസ്റ്റോസ് സഭയുടെ പ്രോവിൻഷ്യൽ റവ. ഫാ. അറമാൻറ് അവർകൾ ഇക്കഴിഞ്ഞമാസത്തിൽ ഇവിടെയെത്തി മെത്രാനച്ചൻ തിരുമനസ്സിലെ അതിഥിയായി മൂന്നുദിവസം താമസിച്ചു സഭാസംബന്ധമായി ചിലആലോചനകൾ നടത്തിയശേഷം മടങ്ങിപ്പോയിരിക്കുന്നു.

സൂനഹദോസ്—യാക്കോബായാസഭയിലുള്ള മെത്രാന്മാരുടെ ഒരു സൂനഹദോസ് മർട്ടിൻഭയറായിൽ ഇപ്പോൾനടന്നു വരുന്നതായും താമസിയാതെമാർ ഏലിയാപാത്രിയർക്കീസ് കേരളത്തെ സന്ദർശിക്കുന്നതിനിടയുള്ളതായും അറിയുന്നു.

നന്ദിപൂർവ്വംകൈപ്പറ്റി— 'ചെറുപുഷ്പസന്ദേശം' എന്നനവീ നമാസിക, ദിവ്യശ്രീ മാതൃകൾ ജോസഫ്ശമ്മാശന്റെ മേരിസുവങ്ങൾ, ശ്രീ: ആന്റണിതൊകലത്തു് അവർകളുടെ കുസുമാലയം, പാലാ സെൻട്രൽബാങ്കിന്റെ വാഷ്കികബാക്കിപത്രം എന്നിവ കൈപ്പറ്റി നന്ദിപറയുന്നു.

ബാലമരണം— ചെമ്മലമറ്റം പള്ളിഇടവക അതിർത്തിയിൽ പെട്ട ഒരു മാന്യഈഴവകുടുംബത്തിലെ ആറുവയസ്സുപ്രായമുള്ള ഒരുബാലനെ ആസന്നമരണാവസ്ഥയിൽ സ്ഥലത്തെ ചിലമാന്യന്മാരുടെ പരിശ്രമത്താൽ ജ്ഞാനസ്നാനപ്പെടുത്തുകയും ശവസംസ്കാരം സ്ഥലത്തെ ദേവാലയത്തിൽ തന്നെ ആഘോഷമായി നടത്തുകയും ചെയ്തതായി അറിയുന്നു. ഇതേ കുടുംബത്തിലെ ഒരു വൃദ്ധനും ഇതുപോലെ മാനസാന്തരപ്പെട്ടു മരിക്കുന്നതിനു ഇതിനുമുൻപു ഭാഗ്യമുണ്ടായിട്ടുണ്ടു്.

പരമവാത്ത.

ചേപ്പുങ്കൽപള്ളി ഇടവക കലേക്കാട്ടിൽ ബ. വക്കി അച്ചന്റെയും ബ. തോമ്മാച്ചന്റെയും സഹോദരി ഉണ്ണിഈശോയുടെ ബ. കൊച്ചുത്രേസ്യാ അന്ത്യക്രിയാശകൾ സുബോധത്തോടെ കൈക്കൊണ്ടു് തന്റെ ഉ--ാമത്തെ വയസ്സിൽ കല്ലുക്കളം മഠത്തിൽവച്ചു് കർത്താവിൽ നിദ്രപ്രാപിച്ചു.

മുട്ടുചിറ ഫൊറോനാ പള്ളിഇടവക മുരിക്കൽ ബ. പീലിപ്പോസച്ചന്റെ ഇളയ സഹോദരൻ തോമ്മാ എന്ന യുവാവു് തന്റെ ന--ാമത്തെ വയസ്സിൽ ഇക്കഴിഞ്ഞ ര--ാം തീയതിയും, തുരുത്തി പള്ളി ഇടവക പാലാത്ര കോര മറിയ കന്നി ഉ--ാംതീയതിയും കുന്നുഞ്ഞി പള്ളിയിടവക അവുസേപ്പുമാണി കഴിഞ്ഞസെപ്തംബർ ക--ാംതീയതിയും അന്ത്യക്രിയാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ടു് കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ഇവരുടെ ആത്മാനുക്രിയാർത്ഥം വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.

ഉപകാരസ്മരണകൾ.

വിശുദ്ധ കൊച്ചുത്രേസ്യായുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ രൂപാ ക.

എടേട്ടു് ഇ. റ്റി ഫ്രാൻസിസ്, അളനാടു്.

വിശുദ്ധ കൊച്ചുത്രേസ്യായുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ രൂപാ ക.

ലൂക്കാ മാണി വയലിൽ, മുട്ടുചിറ.

പരിശുദ്ധ ദൈവമാതാവിന്റെയും വിശുദ്ധ യൗസേപ്പു പിതാവു്, വിശുദ്ധ കൊച്ചുത്രേസ്യായുടേയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ രൂപാ ക. ഫാദർ ജെ. പൂവക്കുടി,

കച്ചേരിക്കായ്യം.

അടുത്തനവംബർ ൧൭–ാംനു-ക്കും ജനുവരി ൧൭=ാംനു-ക്കുംമദ്ധ്യെ സെൻസസ് എടുക്കുന്നതിനു ഗവർമെന്റിൽനിന്നും നിശ്ചയിച്ചിരിക്കുന്നു. ഇപ്രകാരം ജനസംഖ്യയുംമറ്റും തിട്ടപ്പെടുത്തുന്നതു് ജനങ്ങളെയാതൊരു വിധത്തിലും നികൃതിഭാരത്താലൊമറ്റൊ കഷ്ടപ്പെടുത്തുന്നതിനല്ലെന്നും, സാമ്പത്തികമായും സാമുദായികമായുമുള്ള അവരുടെ നിലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനായിട്ടാണെന്നും ബ. വികാരിമാരും അതമപരിപാലനയിലേപ്പെട്ടിരിക്കുന്നമറ്റു ബ. വൈദികരും ജനങ്ങളെ തെറ്റിപ്പെടുത്തേണ്ടതും' സെൻസസ് ഉദ്യോഗസ്ഥന്മാർ ചോദിക്കുന്നചോദ്യങ്ങൾക്കു ശരിയായ മറുപടികൊടുക്കുന്നതിനു് വേണ്ടവിധം ഉപദേശിക്കേണ്ടതുമാണ്. അപ്രകാരം നൽകുന്ന ഉത്തരകർത്താക്കളുടെ നാമങ്ങൾ യാതൊരുവിധത്തിലും പുറത്തുവിടാതിരിക്കുന്നതിനു ഗവമെന്റിൽനിന്നും നിർദ്ദേശിച്ചിട്ടുള്ളതിനാൽ കടവുംധനവുമൊക്കെ ഉള്ളതുപോലെ പറയുന്നതുകൊണ്ടു യാതൊരാക്ഷേപവുമില്ലാത്തതുമാകുന്നു. മതവിഭാഗം ചോദിക്കുമ്പോൾ നമ്മുടെ ശ്രുത യിലുൾപ്പെട്ടവർ റോമൻകത്തോലിക്കസുറിയാനിക്രിസ്ത്യാനി എന്നുപറയേണ്ടതാണെന്നും എല്ലാവരും അറിഞ്ഞിരിക്കണം.

എ. പെ. പെ. ബ.

മെത്രാനച്ചൻ തിരുമനസ്സിലെ പള്ളിസന്ദർശന പ്രോഗ്രാം.

൧൯൩൦ നവംബർ

൩–ാം നു-	കാലത്തു	൧൦ മണി	മുട്ടുചിറ.
൩–ാം നു-	കാലത്തു	൩ ,,	മലപ്പുറം.
,,	ഉച്ചകഴിഞ്ഞു	൪ ,,	കടുത്തുരുത്തി.
൫–ാം നു-	കാലത്തു	൧൦ ,,	അറുനൂറ്റിമംഗലം
,,	ഉച്ചകഴിഞ്ഞു	൪ ,,	കടുത്തുരുത്തി
൬–ാം നു-	കാലത്തു	൧൧ ,,	തലയോലപ്പറമ്പു്
൭–ാം നു-	കാലത്തു	൧൦ ,,	തുരുത്തിപ്പിള്ളി
൭൩–ാം നു-	,,	൧൦ ,,	കോതനല്ലൂർ
൭൪–ാംനു-	,,	൧൦ ,,	മാൻവെട്ടം
൭൫–ാം നു-	,,	൧൦ ,,	മണ്ണാർപ്പാറ.
൭൭–ാം നു-	,,	൧൦ ,,	കാഞ്ഞിരത്താനം.
൭൯–ാം നു-	,,	൧൦ ,,	കളത്തൂർ.
൮൦–ാം നു-	,,	൧൦ ,,	വയലാ.
൮൨–ാം നു-	,,	൧൦ ,,	അരമന.
൮൩–ാം നു-	ഉച്ചകഴിഞ്ഞു	൪ ,,	അരമന.

൨൫—൧൦—൩൦.

കല്പനപ്രകാരം
ച. ഞ. വി. ജി.

അമലോത്ഭവ ജൂബിലിസ്മാരകകപ്പേളയുടെ

രജതജൂബിലി.

ദൈവമാതാവായ പരിശുദ്ധകന്യാസ്ത്രീ മറിയത്തിന്റെ അമലോത്ഭവം വിശ്വാസസത്യമായി പ്രഖ്യാപനം ചെയ്തതിന്റെസ്മരണ്ണാജൂബിലി സ്മാരകമായിചങ്ങനാശേരി പാറയിൽസ്ഥാപിച്ചിരിക്കുന്ന കപ്പേളയുടെരജതജൂബിലി ഈയാണ്ടിൽഘോഷിക്കപ്പെടുന്നതാണു്. ആകയാൽ പ്രസ്തുതപള്ളിയിൽപ്രതിവൽസരംആഘോഷിക്കപ്പെടാവുള്ള അമലോത്ഭവതിരുനാൾ ഈയാണ്ടിൽ പൂർവ്വാധികം ഭംഗിയായിനടത്തപ്പെടുന്നതായിരിക്കും. തല്ലേദിവസമായ ഡിസംബർ ൦-ാംനു-അരമനയുടെ മുൻവശത്തുള്ള മാർപാപ്പാ ജൂബിലിമെമ്മോറിയൽ കപ്പേളയിൽ നിന്നു് ഉച്ചകഴിഞ്ഞു മൂന്നരമണിക്കു് വിശുദ്ധ കുർബാനയുടെ ഒരുഘോഷയാത്രഅമലോത്ഭവജൂബിലിസ്മാരക കപ്പേളവരെഉണ്ടായിരിക്കുന്നതും അവിടെവെച്ചു വാഴ്വു് നടത്തുന്നതുമാണു്. ഇതുകൂടാതെ അമലോത്ഭവ ജൂബിലി കപ്പേളയിൽതിരുനാൾ ദിവസമായ ഡിസംബർ ൮-ാംനു-കുമ്പസാരിച്ചു വി. കുർബാനഉരുംക്കൊണ്ടു് മാർപാപ്പായുടെനിയോഗപ്രകാരം അപേക്ഷിക്കുന്നവർക്കു പൂർണ്ണ ദണ്ഡവിമോചനം സിദ്ധിക്കാവുന്നതാണെന്നുള്ള വിവരം കൂടി അറിയിച്ചുകൊള്ളുന്നു.

ആകയാൽ ഈ വിശിഷ്ടദിനത്തിൽ മേല്പറഞ്ഞ തിരുക്കർമ്മങ്ങൾക്കു ഹാജരായി പരിശുദ്ധഅമലോത്ഭവ കന്യകയുടെ തിരുനാളിൽ പങ്കുകൊണ്ടു് അതിൽനിന്നു സിദ്ധിക്കാവുന്ന ആത്മിക ഫലങ്ങളെ സ്വീകരിക്കുന്നതിനു സകല വിശ്വാസികളെയും പ്രത്യേകം താല്പര്യമായി ക്ഷണിച്ചുകൊള്ളുന്നു. എന്നു്

അമലോത്ഭവ ജൂബിലിസ്മാരക കപ്പേള പ്രസിഡൻറ്.

വേദപ്രചാരണപ്പിരിവ്.

			ക്ര.	ച.	കാ.
കുളംകുത്തിയിൽ പെ. ബ. ദേവസ്യാച്ചൻ.		അതിരമ്പുഴ	10.	0	0
രണ്ടുഗ്രണകാംക്ഷികൾ		,,	2.	0	0
പിച്ചനവേലിയിൽ ചാക്കൊഅ...ൽ		,,	1.	0	0
പറമ്പിൽ ഔസേപ്പ് അ...ൽ		,,	1.	0	0
വട്ടപ്പാറയിൽമാണിഅ...ൽ		,,	2.	0	0
പുത്തൂക്കരിയിൽഏലിയാമ്മഅ...ൽ		,,	1.	0	0
വടകരഔസേപ്പ് അ...ൽ		,,	1.	0	0
		ആകെ.	18.	0	0

മുട്ടുചിറ സെപ്തംബർ മാസം— } അസി. വേദപ്രചാരഡയറക്ടർ മുരിക്കൽ പീലിപ്പോസ്ക.

പഞ്ചാംഗം.

നവംബർ മാസം.

ഇം. മല.

ക. കന്നി. ശ. ✠ സകല ശു. തിരുനാൾ.

മ. കന്നി. ഞ. ✠ പന്ത മാസം ൪ാം കുർ. മ. ർകുർ ശ.
അടുത്തത് ആദ്യവെള്ളി.

൯. മകം. ഞ. ✠ പന്ത. മാസം ൩ാം ഞാ. ഹറ്. ക. മെസ്.

കന്നി. ൧ക. ഞ. ✠ പന്ത. മാസം ൪ാം ഞാ. കുർ. ൧ക. ഹറ്.

മാ. വ്യ. ഞ. ✠ പന്ത. മകം ൩ാം ഞാ. ഹറ്. ര. ഹറ്.

൧൦. കാർ. ഞ. ✠ ആഗമനം. ക ാം ഞാ. കുർ. ക. കുർ. സുബ്ബ
അടുത്ത ആദ്യവെള്ളി.
ഇന്ന പാതിരാമുതൽ മാ നോമ്പു തു.

"ജ്ഞാനപൂന്തോപ്പ്."

ഒരു പുതിയ പ്രാർത്ഥനപുസ്തകം.

(റവ. മാത്തു ആലക്കളം)

ദിവ്യപൂജ, കുമ്പസാരം, കുർബാന, വിസിത്ത, ഒരുമണി ആരാധന, കുരിശിന്റെ വഴി എന്നിവയുടെ സമയത്തു ഉപയോഗിക്കുന്നതിനു വിശേഷ ജപങ്ങളും, അർത്ഥധ്യാനങ്ങൾ, സംഗീതങ്ങൾ, നൊവേനകൾ, ലിത്തനികൾ, മദ്ധ്യസ്ഥപ്രാർത്ഥനകൾ, പ്രതിദിനചിന്തകൾ, അമ്പത്തുമൂന്നാഴ്ചജപം, പുണ്യജീവിതക്രമം, ദിവ്യോപദേശനുഭവങ്ങൾ മുതലായവയും മറ്റു പഴയതും പുതിയതുമായ പല പ്രസ്താരങ്ങളും, ജപമാലകൾ, ഉത്തരീയങ്ങൾ, വെന്തിഞ്ഞകാശുരൂപങ്ങൾ, തിരുസ്വരൂപങ്ങൾ എന്നിവയുടെ വിവരണങ്ങളും, വി. പ്രാ. മാ. സഭയുടെ നിയമങ്ങളും ഇതിലടങ്ങിയിട്ടുണ്ട്. നിത്യാരാധന, പീയൂഷസംഗ്രഹം, ഒരുമണി ആരാധന, കൃപാനിധി അഭിയായി ഇപ്പോൾ പ്രചാരത്തിലിരിക്കുന്ന പലതിനേയും സംഗ്രഹിച്ചു പ്രായോഗികമാക്കിയും നവമായി പലതുംകൂട്ടി ചേർത്തും രണ്ടു ഭാഗങ്ങളായിഉണ്ടാക്കിയിട്ടുള്ളതാണ്.

ഒന്നാംഭാഗം വി. പ്രാ. നിയമങ്ങൾ തനിച്ചു

കാലിക്കോ ബയണ്ടു വില അണ ന.

രണ്ടാംഭാഗം തനിച്ചു " " വ

ഒന്നാം രണ്ടാംകൂടി " " ഫാ

"മദ്ധ്യസ്ഥൻ" ബുക്ക്ഡിപ്പോ,

ചങ്ങനാശേരി.

Printed and published by Rev. Fr. M. Alakalam *at the St. Joseph's Orphanage Press, Changanacherry.*